കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അരുവിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2590/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി:20.03.19

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

അരുവിക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2590/2018

തീയതി:20.03.19

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2017 മുതൽ 11.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 21.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശ്രീജ.കെ., ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ്.എം.ജി.,സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.രേഖ.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.ലിപു.എസ്. ലോറൻസ്, ഓഡിറ്റർ<br>ശ്രീ.സഫീർ അഹമ്മദ്.എ.ആർ., ഓഡിറ്റർ<br>ശ്രീമതി.കല.പി. ,ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ഐ.മിനി.<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.എസ്.സുനിമോൾ<br>01.04.2017 മുതൽ 16.01.18 വരെ |
| | ശ്രീ.നജീം.എൻ,അസി.സെക്രട്ടറി(ചാർജ്)<br>17.01.18 മുതൽ 18.01.18 വരെ |

| | |
|---|---|
| | |
| | ശ്രീ.എസ്.പ്രവീൺ<br>19.01.18 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. നജീം.എൻ, | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ദീപ്തി. എൻ | 01.04.17 മുതൽ<br>31.3.18 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. ശ്രീജ.എസ്. | 01.04.2017മുതൽ<br>31.03.2018വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.ദേവി ഓംകാർ | 01.04.2017മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | 1. ഡോ.ശോഭാ ചന്ദ്രൻ | 01.04.2017മുതൽ<br>08.6.2017വരെ |
| | 2. ഡോ. സന്തോഷ് കുമാർ | 09.6.17 മുതൽ 23.12.17വരെ |
| | 3.ഡോ. സലീന | 31.12.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | മുംതാസ് ബീഗം | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1.ബിന്ദു മലർ | 01.04.17 മുതൽ 26.08.17 വരെ |
| | 2. അജയ കുമാർ | 27.08.17 മുതൽ 09.11.17 വരെ |
| | 3.കുമാരി ശ്രീദേവി.എസ് | 10.11.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ, വി.എസ്. എൽ.പി.എസ്. | സൂസമ്മ കുര്യൻ | 01.04.17 മുതൽ 17.05.17 വരെ |
| | ജയസിംഹൻ | 01.06.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ധനലക്ഷ്മി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. അരുൺ കുമാർ.എസ്.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി.ലക്ഷ്മി.എം.ആർ | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ഷൈനി.ടി | 1.4.17 മുതൽ 7.12.17 വരെ |
| | രാജി.എം.ആർ | 08.12.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല | 2-1 | |
| 13 | തൊഴിൽ നികുതി പിരിവ്- അപാകങ്ങൾ | 2-2 | |
| 14 | ഡി&ഒ ലൈസൻസ് - അപാകങ്ങൾ | 2-3 | |
| 15 | പെർമിറ്റ് ഫീസിന്റെ ഇരട്ടി ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസായി ഈടാക്കുന്നില്ല. | 2-4 | |
| 16 | തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വ്യവസായ കേന്ദ്രം -ലൈസൻസ് നൽകിയതിന്റെയും തൊഴിൽ നികുതി അടവാക്കിയതിന്റെയും രേഖകൾ ലഭ്യമല്ല. | 2-5 | |
| 17 | ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നില്ല | 2-6 | |
| 18 | സേവന ഉപനികുതി ചുമത്തുന്നില്ല | 2-7 | |
| 19 | ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ,മാർക്കറ്റ് സ്റ്റാളുകൾ എന്നിവ ഒഴിഞ്ഞ് കിടക്കുന്നത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം | 2-8 | |
| 20 | രസീത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-9 | |
| 21 | ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം | 2-10 | |
| | ഭാഗം-3 | | |
| 22 | തെരുവ് വിളക്ക്-സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകങ്ങൾ | 3-1 | |

| | | | |
|---|---|---|---|
| | | | |
| 23 | ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി സാധനങ്ങൾ വാങ്ങി | 3-2 | |
| 24 | കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ടുകൾ സംബന്ധിച്ച നിരീക്ഷണങ്ങൾ | 3-3 | |
| 25 | സെർവർ റൂം ശീതീകരണത്തിനായി എയർകണ്ടീഷണർ വാങ്ങിയതിലെ പോരായ്മകൾ | 3-4 | |
| 26 | ഫ്രണ്ട് ഓഫീസിലേക്ക് കസേര വാങ്ങൽ -അപാകങ്ങൾ | 3-5 | |
| 27 | അരുവിക്കര PHC-പുതിയ കെട്ടിടനിർമാണം-അപാകങ്ങൾ -അധികം ചെലവായ തുക 77045/- നിരാകരിക്കുന്നു. | 3-6 | |
| 28 | അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം -അപാകങ്ങൾ-പിഴ തുക 11523/-ഈടാക്കേണ്ടതാണ്. | 3-7 | |
| 29 | എംബാങ്ക് മെന്റ് നിർമാണം- കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല-അധിക നിരക്ക് നൽകിയത് 15111/-നിരാകരിക്കുന്നു. | 3-8 | |
| 30 | ഓട നിർമ്മാണം -കൂടിയ നിരക്ക് ഉപയോഗിച്ചു-അധിക തുക നൽകിയത് 2528/- നിരാകരിക്കുന്നു. | 3-9 | |
| 31 | ആസ്തി രജിസ്റ്റർ കാലികമാക്കി പുതുക്കി സൂക്ഷിച്ചിട്ടില്ല-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-10 | |
| 32 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിലെ അപാകങ്ങൾ | 3-11 | |
| 33 | അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നതിൽ വീഴ്ച | 3-12 | |
| 34 | അങ്കണവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-13 | |
| 35 | പത്രപ്പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നേടുന്നില്ല | 3-14 | |

| | | | |
|---|---|---|---|
| 36 | അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം | 3-15 | |
| 37 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 3-16 | |
| 38 | ഭവന പുനരുദ്ധാരണ പദ്ധതികൾ-വിസ്തീർണ്ണം,പ്രവൃത്തികൾ ഇവ സംബന്ധിക്കുന്ന രേഖപ്പെടുത്തലുകൾ ഇല്ല. | 3-17 | |
| 39 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചകൾ | 3-18 | |
| 40 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-19 | |
| 41 | വൗച്ചറുകളുടെ സൂക്ഷിപ്പ്- അപാകത സംബന്ധിച്ച് | 3-20 | |
| | ഭാഗം - 4 | | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 49 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 24,91,58,050/-രൂപ വരവും 23,76,58,050/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 12,47,33,847/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 10,47,96,182/-രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം).

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.4.18 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

കെ.എസ്.എ.റ്റി.വി.എം/1553/ജിപി6/2018 തീയതി.23.08.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21365634 |
| വരവ് | 103368213 |
| ആകെ | 124733847 |
| ചെലവ് | 104796182 |
| നീക്കിയിരിപ്പ് | 19937665 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 23263112 | 23263112 | 23263112 | 0 |
| 2 | വികസനഫണ്ട് (എസ്.സി.പി.) | 0 | 6949428 | 6949428 | 6949428 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി.) | 0 | 32986 | 32986 | 32986 | 0 |
| 4 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11464313 | 11464313 | 11464313 | |
| 6 | സംരക്ഷണഗ്രാന്റ്(നോൺ റോഡ്) | 0 | 4971429 | 4971429 | 4971429 | 0 |
| 7 | സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 16176428 | 16176428 | 16176428 | 0 |
| 9 | ജനറൽ പർപ്പസ് ഗ്രാന്റ് | 19662540 | 17793559 | 37456099 | 38582090 | -1125991 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ബി ഫണ്ട് | 0 | 631320 | 631320 | 631320 | 0 |
| 11 | കെ.എൽ.ജി.എസ്.ഡി.പി | 0 | 181411 | 181411 | 181411 | 0 |
| 12 | ഇന്ത്യൻ ബാങ്ക് എൻ ഇ എഫ് റ്റി | 1838155 | 2286886 | 4125041 | 1201217 | 2923824 |
| 13 | എസ് ബി റ്റി 7482 | 0 | 5327566 | 5327566 | 4680640 | 646926 |
| 14 | ഇന്ത്യൻ ബാങ്ക് എസ് എസ് എ | 134377 | 5136 | 139513 | 0 | 139513 |
| 15 | അരുവിക്കര ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 9977005 | 11759512 | 21736517 | 5926911 | 15809606 |
| 17 | ട്രഷറി റ്റി.എസ്.ബി | 9344391 | 12204567 | 21548958 | 21108154 | 440804 |
| 18 | ട്രഷറി റ്റി.എസ്.ബി വി പി എഫ് എ 2 | 24727 | 0 | 24727 | 0 | 24727 |
| 19 | ഇന്ത്യൻ ബാങ്ക് എം എൻ ആർ ഇ ജി എസ് | 339 | 1776169 | 1776508 | 1775401 | 1107 |
| 20 | അരുവിക്കര ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് റിലീഫ് അക്കൗണ്ട് | 46640 | 13853 | 60493 | 6500 | 53993 |
| 21 | ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെൻച്വർ | 0 | 6225815 | 6225815 | 6426932 | -201117 |
| 21 | ക്യാഷ് | 0 | 98282 | 98282 | 0 | 98282 |

## **1-6** പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോ ദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് | നടപ്പാ ക്കാത്തവ | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 41 | 17483076 | 36 | 13012516 | 1 | 4 | 87.8 |
| 2 | വെറ്ററിനറി സർജൻ | 8 | 5668500 | 8 | 3250000 | 0 | 0 | 100 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 5 | 1650000 | 3 | 1300000 | 0 | 2 | 60 |
| 4 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 4 | 1531000 | 4 | 1522090 | 0 | 0 | 100 |
| 5. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 100000 | 1 | 100000 | 0 | 0 | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5052406 | 8 | 4637884 | 0 | 2 | 80 |
| 7 | കൃഷി ഓഫീസർ | 10 | 2444330 | 10 | 1558488 | 0 | 0 | 100 |
| 8 | അസി.സെക്രട്ടറി | 2 | 290000 | 1 | 70429 | 0 | 1 | 50 |
| 9 | അസി.എഞ്ചിനിയർ | 96 | 50275392 | 81 | 34824007 | 0 | 15 | 84.37 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 3363800 | 2 | 2150000 | 0 | 0 | 100 |
| 11 | ഹെഡ് മാസ്റ്റർ | 1 | 165000 | 1 | 157080 | 0 | 0 | 100 |
| 12 | വി.ഇ.ഒ/എൽ.വി.ഇ.ഒ | 14 | 1034600 | 11 | 5549986 | 0 | 3 | 78.57 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 339 | 1776169 | 1776508 | 1775401 | 1107 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20562440 | 20562440 | 20562440 | 0 |
| ആകെ | 339 | 22338609 | 22338948 | 22337841 | 1107 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 301320 | 511 |
| കർഷക തൊഴിലാളി പെൻഷൻ | 4730200 | 1581 |
| വിധവാപെൻഷൻ | 18118800 | 5802 |
| വാർദ്ധക്യകാല പെൻഷൻ | 32636600 | 9503 |
| വികലാംഗ പെൻഷൻ | 5484400 | 1703 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 330000 | 11 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1001000 | 327 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 880/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 (i) ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. അരുവിക്കര ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.(ഖ.2-3)
- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ, മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. (ഖ.2.6,2.7,2.8)
- കെട്ടിട നിർമ്മാണവും നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല (ഖ.2-4)
- മുൻകൂർ ക്രമീകരിക്കുന്നതിൽ ജാഗ്രതയില്ല.(ഖ.2-10)

സാമ്പത്തിക ഇടപാടുകൾ

- വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.ഖ.2-1കാണുക
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.
- വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ

- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013 ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഖ.3- 10കാണുക

പദ്ധതി രൂപീകരണവും നടത്തിപ്പും

- വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.
- ആസൂത്രണ സമിതി വർക്കിങ്ങ് ഗ്രൂപ്പിന്റെ രൂപീകരണം,വികസന സെമിനാർ,വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.
- വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- പ്രോജക്ടിലെ ആശയങ്ങളും വികസന പരിപ്രേക്ഷ്യവും തമ്മിൽ ബന്ധമില്ല
- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല .
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്.
- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായും പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ii)പൊതുഭരണം

29.01.15ലെ ജി.ഒ.(എം.എസ്.)18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗ പ്രദമായ രീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇട നൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുമുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 01/09/2018മുതൽ 03/09/18 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.16 മുതൽ 26.02.16 വരെ | 2010-11 മുതൽ 2014-15 വരെ | - |

## 1-12 വാർഷിക കണക്കുകളിലെ മറ്റ് അപാകങ്ങൾ

ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 254 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച ഫയലുകളും രേഖകളും പരിശോധിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 30 മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ സമയക്രമം പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

## 2-2 തൊഴിൽ നികുതി പിരിവ്- അപാകങ്ങൾ

(1) രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടത്തിലെ ചട്ടം 5 ലെ മാതൃകയിൽ നികുതി ചുമത്തുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് 205 (എ) വകുപ്പ് പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജ് അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്ന് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്ററല്ല ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്ററിൽ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും ചില സ്വകാര്യ വിദ്യാഭ്യാസ, ധനകാര്യ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരമാണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്വാറികൾ, സഹകരണ സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ, പെട്രോൾ പമ്പ് മുതലായ സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ ജീവനക്കാർ ഉണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

പിരിച്ചെടുക്കാൻ ബാക്കിയായ നികുതി പിരിച്ചെടുക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അരുവിക്കര ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം 6,250/-രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 13,750/- രൂപയും തൊഴിൽനികുതിയിനത്തിൽ കുടിശ്ശികയുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ AFS പ്രകാരം തൊഴിൽ നികുതി (സ്ഥാപനം/പ്രൊഫഷണൽ/വ്യാപാരികൾ) ഇനത്തിൽ 18,410/-രൂപയാണ് അരിയറായി ലഭിച്ചിട്ടുള്ളത്. അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ കുടിശ്ശിക കൃത്യമായി തിട്ടപ്പെടുത്താൻ പഞ്ചായത്തിന് സാധിക്കുന്നില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിക്ക മീറ്റിംഗുകളിലും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും കൃത്യമായി നികുതി പിരിവ് നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് രജിസ്റ്ററുകൾ പരിപാലിക്കേണ്ടത് അത്യാവശ്യമാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(2)ജീവനക്കാർ / തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 205 ബി, 205സി, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം16(1) എന്നിവ പ്രകാരം നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥരോടോ, കൈവശക്കാരോടോ, തൊഴിൽ ഉടമയോടോ, ആയവരുടെ പ്രതിനിധിയോടോ

ആവശ്യപ്പെട്ടതിന്റെയും ആയത് പ്രകാരം ലിസ്റ്റ് സമർപ്പിച്ചതിന്റെയും രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 നുള്ള മറുപടിയിൽ ഡിമാന്റ് രജിസ്റ്റർ സമർപ്പിച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭിച്ചത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ കമ്പനികളുടേയും സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും വിശദവിവരം ഉൾക്കൊള്ളുന്ന ലിസ്റ്റ് പഞ്ചായത്തിന് ലഭ്യമല്ല. ആയതിനാൽ കൃത്യതയോടെ ഡിമാന്റ് ചെയ്യാൻ സാധിക്കുകയില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ചില സ്വകാര്യ വിദ്യാഭ്യാസ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമേ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 18 പ്രകാരമുള്ള Demand Notice നൽകിയിട്ടുള്ളൂ. പ്രസ്തുത Demand Noticeന് ഒപ്പമാണ് ചട്ടം 16(1) പ്രകാരമുള്ള ഫോറം II സ്റ്റേറ്റ്മെന്റ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്.

(3) ഡി & ഒ ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി |
|---|---|---|---|
| 1. | ജി.എസ് ഹോളോ ബ്രിക്സ് (440/1) | 4 | ഈടാക്കിയിട്ടില്ല. |
| 2. | ബിനു ഫ്യൂവൽസ്, മുണ്ടേല (4/321A) | 4 | 4400 |
| 3. | സാന്ത്വന ക്ലീനിക്കൽ ലാബ് (6/516(2)) | 4 | 1620 |
| 4. | എസ്. ആർ ഹോളോ ബ്രിക്സ് (6/395, 396) | 4 | 2960 |
| 5. | സാജൻ സത്യദാസ് മെമ്മോറിയൽ നവജീവൻ മെന്റൽ ഹെൽത്ത് & റീഹാബിലിറ്റേഷൻ സെന്റർ (10/230) | 7 | ഈടാക്കിയിട്ടില്ല. |
| 6. | ABR ഇന്റർലോക്കിംഗ് കേബിൾസ് & ഡിസൈനർ ടൈൽസ് (3/548) | 4 | 3000 |
| 7. | ശ്രീ ബാലാ ഹോളോബ്രിക്സ് (7/463 A,B) | 4 | 2500 |
| 8. | ട്രാവൻകൂർ കേബിൾ നെറ്റ്‌വർക്ക് സർവീസസ് (6/325) | 3 | ഈടാക്കിയിട്ടില്ല |
| | ക്വാറികൾ | | |
| 1. | ബ്ലൂസ്റ്റാർ ഇൻഡസ്ട്രീസ് (8/343-1-1-1, 8/343-1-1-2, 2/336) | 9 | 27000 |
| 2. | ജി-സാന്റ് (5/434/1) | 6 | 7500 |

| | | | |
|---|---|---|---|
| 3. | മെറ്റാ റോക്സ് പ്രൈവറ്റ് ലിമിറ്റഡ് (19/343) | 20 | 38400 |
| 4. | ട്രാവൻകൂർ ബ്ലൂ മെറ്റൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | 7 | 21600 |
| 5. | ഇളവമൂട്ടിൽ ഗ്രാനൈറ്റ് (15/373, 15/333-1) | 10 | 7500 |

പ്രസ്തുത സ്ഥാപനങ്ങളിലുള്ള തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 205(സി), 205(ഡി), 205(ഇ), 205(എഫ്), 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 14 മുതൽ 19 വരെയുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി നിർണ്ണയം നടത്തിയതിന്റെയും ഈടാക്കിയതിന്റെയും ആധികാരികത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

(4).പൗരാവകാശരേഖ പ്രകാരം താഴെപ്പറയുന്ന ബാങ്കുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആയവ തൊഴിൽ നികുതി അടവാക്കുന്നില്ല.

1. ഹരിജൻ സർവ്വീസ് സഹകരണ സംഘം, അരുവിക്കര
2. രാജീവ് ഗാന്ധി റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം, മുണ്ടേല
3. ബ്ലോക്ക് വനിതാ സഹകരണ സംഘം, നെട്ടിറച്ചിറ
4. അരുവിക്കര പഞ്ചായത്ത് റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം, മുണ്ടേല
5. നെടുമങ്ങാട് ബ്ലോക്ക് വനിതാ സഹകരണ സംഘം.
6. കൊക്കോതമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം

നിലവിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽ നിന്ന് അന്വേഷണവിധേയമായി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 17 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(5).തൊഴിൽ നികുതി കളക്ഷൻ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. CSR-ITC, മൈലം
2. മിൽക്ക് സൊസൈറ്റി, ചെറിയകൊണ്ണി

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എൻക്വയറി 17 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

22/7/17, 28/9/17, 27/12/17 എന്നീ തീയതികളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നികുതി പിരിവ് ഊർജ്ജിതമാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയതിന് ക്രിയാത്മകമായ നടപടികളൊന്നും സ്വീകരിക്കാത്തതിനാലാണ് ഇത്തരത്തിൽ അപാകതകൾ ഉണ്ടായിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(6).പ്രൊഫഷണലുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യഡോക്ടർമാർ,പാരാമെഡിക്കൽ വിദഗ്ദ്ധർ തുടങ്ങിയവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രൊഫഷണലുകളിൽ നിന്ന് തൊഴിൽ നികുതി

ഈടാക്കിയതിന്റെ രേഖകൾ നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17ന് നൽകിയ മറുപടിയിൽ സ്വകാര്യഡോക്ടർമാർ, അഭിഭാഷകർ എന്നിവരുടെ വിവരം ലഭ്യമല്ലെന്നാണ് അറിയിച്ചത്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്വകാര്യഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവർ തൊഴിൽ ചെയ്യുന്നുണ്ട്.(പാരാ മെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം) ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1.ഡോ.സഫീന എൻ.ജെ (അൽഫിയ ഹോമിയോ ക്ലിനിക്ക്)

2.ഡോ.ഉമാവിശ്വനാഥൻ (വുമൺ ആന്റ് ചൈൽഡ് ഹോമിയോ ഹെൽത്ത്)

3.ഡോ.എൻ.കെ. പ്രഫുല്ലചന്ദ്രൻ (അരുവിക്കര ദന്തൽ ഓർത്തോ ക്ലിനിക്ക്)

4.ഡോ.രാജേഷ്.എസ്.നായർ (ശ്രീ ദന്തൽ ക്ലിനിക്ക്)

5.ഗീത .എൻ (ഗീത ക്ലിനിക്കൽ ലാബ്)

6.പദ്മകുമാരി ജി.എസ് (സാന്ത്വന ക്ലിനിക്കൽ ലാബ്)

പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരെ കണ്ടെത്തുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി&ഒ ലൈസൻസ് -അപാകങ്ങൾ

അവശ്യമായ രേഖകളുടെ അഭാവത്തിൽ ഡി & ഒ ലൈസൻസ് നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, എച്ച്.ഐ-യുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നീ അവശ്യ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകിയതായി കാണുന്നു. കൂടാതെ അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് കണക്കാക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്തുവാനും കഴിഞ്ഞിട്ടില്ല. അവശ്യമായ രേഖകൾ ഹാജരാക്കാതെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | ലഭ്യമാകാത്ത രേഖകൾ |
|---|---|---|---|
| 1 | 19/100, 101,102 | മാവേലി സ്റ്റോർ അഴീക്കോട് | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 2 | 161/1 | അനന്യ ഫ്ളവർ മിൽ | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ്<br>എച്ച്. പി ഈടാക്കിയതിൽ കുറവ്. (H P-7.5- ഈടാക്കിയ തുക 50/- |
| 3 | XX/161 | ബിന്ദുഫ്ളവർ മിൽ | എച്ച്. പി ഈടാക്കിയതിൽ കുറവ്.(H P-3.5 ഈടാക്കിയ തുക 25/- |
| 4 | AP 6/715 | മുഖശ്രീ ബ്യൂട്ടി പാർലർ | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 5 | XI/4950 | മാവേലിസ്റ്റോർ ചെറിയകൊണ്ണി. | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 6 | 1/564 | അനന്യ ഐസ് പ്ളാന്റ് | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 7 | AP 1/217 | അനന്യ ഏജൻസി | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 8 | XVII/ 463 | ശ്രീബാല ഹോളോബ്രിക്സ് | എച്ച്. പി ഈടാക്കിയതിൽ കുറവ്.(H P 15 ഈടാക്കിയ തുക 150/- |
| 9 | AP 18/ 34913 | Open System Computer Service | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 10 | 597/ 598/19 | മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ് | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 11 | 3/548 | ABR Interlocking Cobbils and Designer tiles. | എച്ച്. പി ഈടാക്കിയതിൽ കുറവ്.(H P 14.5 ഈടാക്കിയ തുക 100/- |
| 12 | APXIII/ 229,230,232 | ഹോട്ടൽ വിജയ് | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 13 | APII/ 157-1 | ഹുസൈൻ ഫുഡ്സ് | എച്ച്. പി ഈടാക്കിയതിൽ കുറവ്. (H P 7 ഈടാക്കിയ തുക 70/- |
| 14 | AP II/492 | ജെ ജെ ഫ്ളവർ മിൽ | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 15 | 1/231 | സഹായി ഹോളോബ്രിക്സ് | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 16 | 18/508 | പ്രകാശ് ഫ്ളവർ മിൽ | എച്ച്. പി ഈടാക്കിയതിൽ കുറവ്. (H P 15.5 ഈടാക്കിയ തുക 150/- ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 17 | 18/379 | ദേവി ഫ്ളവർ മിൽ | എച്ച്. പി ഈടാക്കിയതിൽ കുറവ്.(H P 13 ഈടാക്കിയ തുക 150/-ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 18 | 327 A | ശ്രീ പൗൾട്രിഫാം. | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 19 | 19/216-1 | റ്റി റ്റി ഫ്ളവർമിൽ | എച്ച് പി ഈടാക്കിയിട്ടില്ല. |
| 20 | AP XIV 518/12 | അമൃത ബേക്കറി | എച്ച് പി ഈടാക്കിയിട്ടില്ല. |
| 21 | 6/670-1 | അഭയ ഫ്ളവർമിൽ | എച്ച് പി ഈടാക്കിയിട്ടില്ല. |

ഭാവിയിൽ ഡി & ഒ ലൈസൻസിനായുള്ള അപേക്ഷ പരിഗണിക്കുമ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിങ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(2)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

തദ്ദേശസ്ഥാപനത്തിൽ അർപ്പിതമായ ബാദ്ധ്യത നിറവേറ്റുന്നതിനും ഫീസ് , തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതാക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 25/4/17ലെ 3(3), 27/4/17-ലെ 2(1) എന്നീ തീരുമാനപ്രകാരം ട്രേഡേഴ്സ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുവാനും ആയതിന് പഞ്ചായത്ത് മെമ്പർമാരുടെ സഹകരണം ആവശ്യപ്പെടുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങളും വിലയിരുത്തലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. ഇത് വരുമാന നഷ്ടം സംഭവിക്കാനിടയാക്കിയിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 21/14.11.18നുള്ള മറുപടിയിൽ ആയത് തയ്യാറാക്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചതെങ്കിലും അത് ഹാജരാക്കിയില്ല. ബജറ്റ് രൂപീകരണവേളയിലും വിഭവ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്ന വേളയിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചിട്ടില്ല . ഇതിന്മേലുള്ള തുടർ നടപടി നിരീക്ഷിക്കുന്നതിൽ ഭരണസമിതിയും ശ്രദ്ധ ചെലുത്തിയിട്ടില്ല.

## 2-4 പെർമിറ്റ് ഫീസിന്റെ ഇരട്ടി ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസായി ഈടാക്കുന്നില്ല.

പെർമിറ്റ് എടുക്കാതെ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിയിട്ടില്ല. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ആകെ വിസ്തീർണ്ണം | റഗുലറൈസ് ചെയ്യേണ്ട വിസ്തീർണ്ണം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1. | VI/144/13 | $200.57 m^2$ | $26.57\ m^2$ | 26.57 x 5 = 133/- | 26.57x5x2=266 |
| 2. | XIX/482/A | $159.81\ m^2$ | $24.77\ m^2$ | 25 x 5 = 125/- | 24.77 x 5 x 2 = 248 |

| | | | | | |
|---|---|---|---|---|---|
| 3. | XIX/370/C | 191 $m^2$ | 43 $m^2$ | 43 x 5 = 215/- | 43 x 5 x 2 = 430/- |
| 4. | XIX/27/A | 216.37 $m^2$ | 8.35 | 8.35 x 5 = 42/- | 8.35 x 5 x 2 = 84/- |
| 5. | XIX/588/A | 192.8 $m^2$ | 56.37 | ഈടാക്കിയതിന്റെ രേഖകൾ ഇല്ല. | 56.37 x 5 x 2 = 563/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 34/19.11.18 ന് കെട്ടിട ഉടമസ്ഥർക്ക് അറിയിപ്പ് നല്കി കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ഇത്തരത്തിൽ കാലാകാലങ്ങളിൽ ഈടാക്കിയതിൽ കുറവു വന്ന തുകകൾ ഈടാക്കി പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ചട്ടങ്ങൾക്ക് അനുസൃതമായി ഫീസുകൾ ഈടാക്കുന്നതിന് ജാഗ്രത പുലർത്തുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വ്യവസായ കേന്ദ്രം -ലൈസൻസ് നൽകിയതിന്റെയും തൊഴിൽ നികുതി അടവാക്കിയതിന്റെയും രേഖകൾ ലഭ്യമല്ല.

ഗ്രാമ പഞ്ചായത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനം കൈത്തറി ഖാദി ഡൈയിംഗ് യൂണിറ്റാണ്. ഡൈയിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നതിന് D&O ലൈസൻസ് ആവശ്യമാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് D&O ലൈസൻസ് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല . പ്രസ്തുത സ്ഥാപനത്തിൽ നിന്ന് സ്ഥാപന നികുതി, തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ രേഖകളും ലഭ്യമല്ല. ആയത് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

പ്രസ്തുത സ്ഥാപനത്തിൽ നിന്ന് സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും D&O ലൈസൻസ് നൽകുന്നതിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 266-ാം വകുപ്പ്, 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപ്പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. എന്നാൽ 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-6 പ്രകാരം പഞ്ചായത്തിൽ രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അവയ്ക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് കത്തയച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-2018 സാമ്പത്തിക വർഷത്തെ AFS പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത ഇനത്തിൽ യാതൊരു തുകയും വരവ് വന്നിട്ടില്ല. മാത്രമല്ല ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1.എസ്.എസ് ട്യൂഷൻ സെന്റർ, പാറോട്ടുകോണം

2.എക്സലെന്റ് ട്യൂഷൻ സെന്റർ,അഴിക്കോട്

3.എം.എസ്.പി കോളേജ് & പി.എസ്.സി കോച്ചിംഗ് സെന്റർ ,അരുവിക്കര

4.പെർഫെക്റ്റ് കോളേജ് ഓഫ് ആർട്ട്സ് & സയൻസ്, അരുവിക്കര

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും മേൽ നടപടി സ്വീകരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 സേവന ഉപനികുതി ചുമത്തുന്നില്ല

ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ ഗ്രാമ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവന ഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 2-8 ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ ,മാർക്കറ്റ് സ്റ്റാളുകൾ എന്നിവ ഒഴിഞ്ഞ് കിടക്കുന്നത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്തിന്റെ അധീനതയിലുള്ള കാച്ചാണി ഷോപ്പിംഗ് കോംപ്ളക്സിലെ 12,14 എന്നീ കടമുറികൾ 2017-2018 സാമ്പത്തിക വർഷം മുതൽ ഒഴിഞ്ഞ് കിടക്കുന്നു. പ്രസ്തുത കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ലേലവും പുനർലേലവും നടത്തിയിരുന്നെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 27 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിലെ ഹാളിന്റെ ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുക്കാത്തത് മൂലം 2017-2018 സാമ്പത്തിക വർഷം മുതൽ ഒഴിഞ്ഞ് കിടക്കുന്നു. പ്രസ്തുത ഹാളിന് 33684/- രൂപയാണ് വാടകയായി എൽ.എസ്.ജി.ഡി എൻജിനീയർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. പ്രസ്തുത ഹാൾ വാടകയ്ക്ക് എടുക്കുന്നതിനായി ആരും തയ്യാറായില്ല. പ്രസ്തുത ഹാളിന്റെ നവീകരണത്തിനായി 2017-18 ലും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഒഴിഞ്ഞ് കിടക്കുന്നു. കാച്ചാണി , അരുവിക്കര മാർക്കറ്റ് സ്റ്റാളുകളുടെ ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുക്കാത്തത് മൂലം ഇപ്പോഴും ഒഴിഞ്ഞ് കിടക്കുന്നു. വർഷങ്ങളായി പ്രസ്തുത സ്റ്റാളുകൾ വാടകയ്ക്ക് എടുക്കാത്തത് മൂലം നിഷ്ക്രിയ ആസ്തി ആയി മാറിയിട്ടുണ്ട്.

കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് കൊടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നൽകിയിട്ടില്ല. മാത്രമല്ല പ്രസ്തുത വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല,

പ്രസ്തുത സ്റ്റാളുകൾ/കടമുറികൾ നിഷ്ക്രിയ ആസ്തി ആയി മാറാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 രസീത്പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2017- 2018 വർഷത്തിൽ ഔട്ട്ഡോർ കളക്ഷനുപയോഗിച്ച രസീത്ബുക്കുകൾ പരിശോധിച്ചതിൽ ഓരോ ദിവസത്തെയും കളക്ഷൻ തുകകൾ ബാങ്കിൽ അടച്ച തീയതിയും പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയ തീയതിയും തമ്മിൽ പലതിലും ഏഴുദിവസത്തിൽ കൂടുതൽ വ്യത്യാസം കാണുന്നു.

ഉദാ. 1. 4/4/2017- ൽ അടച്ച 935/- രൂപ 10/4/2017- ൽ ആണ് പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2. 10/5/2017- ൽ അടച്ച 15316/-രൂപ 14/5/2017- ൽ ആണ് പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

II രസീത്ബുക്കിൽ കാണുന്ന ആകെ തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഉദാ. 1. 18032-ാം ബുക്കിൽ 22-ാം രസീത് പ്രകാരം ആകെ തുക 200/- രൂപ. എന്നാൽ 146/- രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2. ഡേ ബുക്കിൽ ബാങ്കിൽ അടച്ച ക്യാഷ് രസീതുകൾ ഉള്ളടക്കം ചെയ്തിട്ടില്ല. കൗണ്ടർ കളക്ഷൻ, പിരിവ് തുക അടവാക്കൽ തുടങ്ങിയ ദൈനംദിന പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്ന സൂപ്പർവൈസറി സ്റ്റാഫുകൾ വേണ്ടത്ര ശ്രദ്ധ ഈ വിഷയത്തിൽ കാണിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നതാണ് മേൽ അപാകങ്ങൾ.

3. 2003- ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും

സംബന്ധിച്ച് താഴെ പറയുന്ന ചട്ടങ്ങൾ പാലിക്കേണ്ടതുണ്ട്.

ചട്ടം 3(4). വരവുചെലവുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുറക്കണം

ചട്ടം 3(5) സംഭാവനയ്ക്ക് അച്ചടിച്ച രസീത് വേണം.

ചട്ടം 4(3) നിധി കൈകാര്യം ചെയ്യാൻ പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ അടങ്ങുന്ന സബ് കമ്മിറ്റി വേണം.

ചട്ടം (5) പ്രത്യേക ക്യാഷ്ബുക്ക്, മിനിറ്റ്സ് ബുക്ക്, രസീത്, ബാങ്ക്പാസ്സ് ബുക്ക് തുടങ്ങിയവ സെക്രട്ടറി സൂക്ഷിക്കണം.

മേൽപറഞ്ഞ ചട്ടങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം

2017-18 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 27,318/- രൂപയാണ് ഫോറവിലയായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക്- സ്പിൽഓവർ പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകങ്ങൾ

പ്രോജക്ട് 11/17-18 - തെരുവ് വിളക്കുകളുടെ എ.എം.സി (സാധന സാമഗ്രികൾ ഉൾപ്പെടെ)

അടങ്കൽ : 99405/- (വികസന ഫണ്ട് - പൊതു)

ചെലവ് : 99085/-

പ്രോജക്ട് 17/17-18 - തെരുവ് വിളക്ക് പരിപാലനം അധിക വിഹിതം നൽകൽ

അടങ്കൽ : 400000/- (വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 195525/-

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്ന പൊതുഭരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 2016-17 വർഷം രൂപീകരിച്ച് 2017-18 ൽ സ്പിൽഓവറാക്കി സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ കരാർ അംഗീകൃത കരാറുകാരന് നൽകുകയും കരാറുകാരൻ സാധനസാമഗ്രികൾ സ്വന്തം നിലയ്ക്ക് വാങ്ങി അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് ചെലവായ തുക പഞ്ചായത്തിൽ നിന്നും കൈപ്പറ്റുകയുമാണ് ചെയ്തത്. എന്നാൽ ഈ പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അവ്യക്തതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഒരേ വർഷം ഒരേ സ്വഭാവമുള്ള രണ്ട് പ്രോജക്ടുകൾ വയ്ക്കാനുള്ള സാഹചര്യം വ്യക്തമല്ല. കരാറുകാരനുമായി ഒരു വർഷത്തേക്കാണ് കരാർ വച്ചത്. എന്നാൽ രണ്ട് പദ്ധതികളുടെയും കരാറുകൾ ഒരേ സമയം നിലനില്ക്കുന്ന അവസ്ഥയുണ്ടായി. ആദ്യത്തെ കരാർ 5/12/2016 മുതൽ 4/12/2017 വരെയും രണ്ടാമത്തെ കരാർ 29/3/2017 മുതൽ 28/3/2018 വരെയും നിലനിന്നു.
2. രണ്ട് പദ്ധതികളിലെയും കരാറുകൾ ഒരു കരാറുകാരനാണ് (രാമചന്ദ്രൻ.കെ) നൽകിയിരിക്കുന്നത്. എന്നാൽ രണ്ടാമത്തെ കരാറിൽ ആദ്യത്തെ കരാറിനെക്കാൾ ഉയർന്ന നിരക്കിലാണ് കരാർ നൽകിയിരിക്കുന്നത്.

3. കരാർ പ്രകാരം കരാറുകാരൻ വാങ്ങി ഘടിപ്പിച്ച സാധനസാമഗ്രികളുടെ ഗുണനിലവാരം പഞ്ചായത്ത് എപ്രകാരമാണ് ഉറപ്പ് വരുത്തിയത് എന്ന് വ്യക്തമല്ല. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനെ സംബന്ധിച്ച് കരാറിൽ വ്യവസ്ഥയില്ല. കരാറുകാരൻ വാങ്ങി ഉപയോഗിച്ച സാധനങ്ങളുടെ വിവരങ്ങൾ ടിയാൾ നൽകിയ ബില്ലുകളിലോ, മറ്റ് രേഖകളിലോ ലഭ്യമല്ല.

വർഷാരംഭത്തിൽ തന്നെ ആവശ്യകതാ നിർണ്ണയം നടത്താതെ പദ്ധതികൾ രൂപീകരിക്കുന്നത് കൊണ്ടാണ് ഇത്തരത്തിൽ അപാകങ്ങൾ സംഭവിക്കുന്നത്. ആവശ്യകതാ നിർണ്ണയം, ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തൽ എന്നിവയിലൂടെ യുക്തിസഹമായ രീതിയിൽ ഇത്തരം പദ്ധതികൾ വരും വർഷങ്ങളിൽ രൂപീകരിക്കുവാനും നടപ്പാക്കുവാനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി സാധനങ്ങൾ വാങ്ങി

പ്രോജക്ട് 133/17-18 – തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി സാധനങ്ങൾ വാങ്ങൽ

അടങ്കൽ : 500000/- (വികസന ഫണ്ട് - CFC)

ചെലവ് : 497176/-

ഈ പദ്ധതി പ്രകാരം തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്കായുള്ള സാധനസാമഗ്രികൾ പഞ്ചായത്ത് വാങ്ങുകയും പ്രോജക്ട് 209/17-18 - തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കരാറുകാരന് അറ്റകുറ്റപ്പണികൾക്കായി കൈമാറുകയുമാണ് ചെയ്തത്.

1. പദ്ധതിക്കായി ടെണ്ടർ പരസ്യത്തിൽ 40 വാട്ടിന്റെ ട്യൂബ് ലൈറ്റുകളാണ് ആവശ്യപ്പെട്ടിരുന്നത്. ടെണ്ടർ സമർപ്പിച്ചവരിൽ നിന്നും തെരഞ്ഞെടുത്ത സ്ഥാപനം (തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ്) 36 വാട്ട്സിന്റെ ട്യൂബ് ലൈറ്റിനാണ് ടെണ്ടർ സമർപ്പിച്ചത്. ബോസ് ലൈറ്റ് എൽ.ഇ.ഡി. ലൈറ്റിംഗ്സ് എന്ന സ്ഥാപനം 40 വാട്ട്സ് ട്യൂബ് ലൈറ്റിനുള്ള ടെണ്ടർ സമർപ്പിച്ചിരുന്നു. എന്നിട്ടും തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 29 ന് നൽകിയ മറുപടിയിൽ മറ്റ് സ്ഥാപനങ്ങൾ നൽകിയ 36 വാട്ട്സ് ട്യൂബ് ലൈറ്റിന്റെ ടെണ്ടറുകൾ ബോസ് ലൈറ്റ് എൽ.ഇ.ഡി. ലൈറ്റിംഗ്സിന്റെ 40 വാട്ട്സ് ട്യൂബ് ലൈറ്റിനുള്ള ടെണ്ടറുമായി താരതമ്യം ചെയ്ത് ടി ടെണ്ടർ കൂടിയ നിരക്കാണെന്ന് തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. രണ്ട് തരം ഉൽപന്നങ്ങളുടെ വിലകൾ ഇത്തരത്തിൽ താരതമ്യം ചെയ്തത് സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾക്ക് വിരുദ്ധമായിട്ടാണ്. മാത്രമല്ല ടെണ്ടർ സ്പെസിഫിക്കേഷൻ അനുസരിച്ച് ടെണ്ടർ ലഭിക്കാൻ അർഹതയുള്ള ബോസ് ലൈറ്റ് എൽ.ഇ.ഡി. ലൈറ്റിംഗ്സ് ഒഴിവാക്കപ്പെടുകയുമുണ്ടായി.

2. ഇത് കൂടാതെ തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിന് ടെണ്ടർ നൽകിയ ശേഷം ഈ സ്ഥാപനത്തോട് 40 വാട്ട്സ് ട്യൂബ് ലൈറ്റ് നൽകാൻ ആവശ്യപ്പെട്ടു. എന്നാൽ നിശ്ചിത കാലയളവിൽ കരാർ വയ്ക്കാത്തതിനാൽ റീ ടെണ്ടർ ചെയ്യാതെ ടെണ്ടർ ആൽഫാ ഇലക്ട്രോണിക്സ് എന്ന ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന് നൽകി. എന്നാൽ ഈ സ്ഥാപനവും 36 വാട്ട്സ് ട്യൂബ് ലൈറ്റിനാണ് ടെണ്ടർ സമർപ്പിച്ചത്. രണ്ടാമത്തെ തവണയും 40 വാട്ട്സിന് ടെണ്ടർ സമർപ്പിച്ച ബോസ് ലൈറ്റ് എൽ.ഇ.ഡി. ലൈറ്റിംഗ്സിനെ പരിഗണിച്ചില്ല. ആൽഫാ ഇലക്ട്രോണിക്സിന് 36 വാട്ട്സ് ട്യൂബ്ലൈറ്റുകൾ സപ്ലൈ ചെയ്യാൻ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു, ഇങ്ങനെ ചെയ്തത് കൊണ്ട് മൽസരാധിഷ്ഠിത വില നിർണ്ണയം നടക്കാതെ വരികയാണ് ഉണ്ടായത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 29 ന് മറുപടിയായി 40 വാട്സിന്റെ ട്യൂബ് ലൈറ്റുകളുടെ ലഭ്യത പരിമിതമാണെന്ന് പ്രൊക്വയർമെന്റ് കമ്മിറ്റിക്കും പഞ്ചായത്ത് കമ്മിറ്റിക്കും ബോധ്യമായതിനെത്തുടർന്നാണ് 08.11.2017 ലെ 11(1) നമ്പർ തീരുമാനപ്രകാരം ആൽഫാ ഇലക്ട്രോണിക്സിന്റെ ടെണ്ടർ അംഗീകരിച്ചത് എന്നും ഇതിനാൽ പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല എന്നും വിശദീകരണം ലഭിച്ചു. എന്നാൽ ഈ സാഹചര്യത്തിൽ 36 വാട്ട്സ് ട്യൂബ് ലൈറ്റുകൾക്കായി റീടെണ്ടർ ചെയ്യുകയായിരുന്നു പഞ്ചായത്ത് കമ്മിറ്റി എടുക്കേണ്ടിയിരുന്ന ഉചിതമായ തീരുമാനം. കൃത്യമായ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ഏറ്റവും ലാഭകരമായ നിരക്കിലാണോ പർച്ചേസ് നടന്നതെന്ന് ഉറപ്പ്

വരാത്തത് കൊണ്ട് പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ല എന്ന വാദം അംഗീകരിക്കാവുന്നതല്ല.

പഞ്ചായത്തിൽ 2017-18 നടപ്പാക്കേണ്ട തെരുവ് വിളക്ക് പരിപാലനം സംബന്ധമായ പദ്ധതികൾ രൂപീകരിക്കുന്നതിന് മുൻപ് ആവശ്യകതാ നിർണ്ണയം നടത്തിയിട്ടില്ല. ഇതിനാൽ തന്നെ ഒരേ ലക്ഷ്യത്തിനായി വിവിധങ്ങളായ പദ്ധതികളും കരാറുകളും നടപ്പാക്കേണ്ടിവന്നു. ഉദാഹരണം പ്രോജക്ട് 17/17-18 - തെരുവ് വിളക്ക് പരിപാലനം അധിക വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 28/3/2018 വരെ സാധനസാമഗ്രികൾ ഉൾപ്പെടെ തെരുവ് വിളക്ക് പരിപാലനത്തിനായി ഒരു കരാർ നിലവിലിരിക്കെ തിടുക്കപ്പെട്ട് റീടെണ്ടർ ഒഴിവാക്കി സാധനങ്ങൾ വാങ്ങേണ്ടി വന്നു. വരും വർഷങ്ങളിൽ തെരുവ് വിളക്ക് പരിപാലനം സംബന്ധമായ പദ്ധതികൾ സൂക്ഷ്മതയോടെ രൂപീകരിക്കുവാനും നടപ്പാക്കുവാനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-3 കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ടുകൾ സംബന്ധിച്ച നിരീക്ഷണങ്ങൾ

പഞ്ചായത്തിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ ആവശ്യമുള്ള സാധനങ്ങളുടെ സ്പെസിഫിക്കേഷനിൽ ബ്രാൻഡിന്റെ പേര് ഉൾപ്പെടുത്തിയാണ് ദർഘാസ് പരസ്യം നൽകിയിരിക്കുന്നത്. ഉദാഹരണത്തിന് 'പ്രോജക്ട് നം 7/17-18 – പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ' എന്ന പ്രോജക്ടിനായി നല്കിയ ദർഘാസ് പരസ്യം (നം. എ2/7526/16, തീ. 15/03/2017) പ്രകാരം HP/Acer ബ്രാൻഡിന്റെ കമ്പ്യൂട്ടർ, Lenovo/Acer ലാപ്ടോപ്പ്, HP യുടെ ലേസർ പ്രിന്റർ മുതലായവയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. മറ്റ് സമാന പ്രോജക്ടുകൾക്കും ഇത്തരത്തിലാണ് പരസ്യം നൽകിയിരിക്കുന്നത്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം സാധനങ്ങൾ വാങ്ങുവാൻ ടെണ്ടർ ക്ഷണിക്കുമ്പോൾ ബ്രാന്റ് നെയിം ഉപയോഗിക്കാൻ പാടില്ല എന്നിരിക്കെ ഇത്തരത്തിൽ പരസ്യം നൽകിയത് സ്റ്റോർ പർച്ചേസ്, മാന്വൽ 2013 ഖണ്ഡിക 7.33 ലെ വ്യവസ്ഥകൾ വിരുദ്ധമാണ്.

പ്രോജക്ട് നം. 220/17-18 – സെക്രട്ടറിക്ക് ലാപ്പ്ടോപ്പും എൽ.എസ്.ജി.ഡി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങലും, പ്രോജക്ട് നം 7/17-18 – പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ താരതമ്യേന ഉയർന്ന സ്പെസിഫിക്കേഷനും വിലയുമുള്ള കമ്പ്യൂട്ടറുകളാണ് ടെണ്ടർ ക്ഷണിച്ച് വാങ്ങിയിരിക്കുന്നത്. Intel Core i5 processor ഉള്ള കമ്പ്യൂട്ടറുകളാണ് ടെണ്ടർ പരസ്യത്തിൽ സ്പെസിഫിക്കേഷനായി നൽകി വാങ്ങിയിരിക്കുന്നത്. എന്നാൽ ഐ.കെ.എം പഞ്ചായത്തിന് നൽകിയ സ്പെസിഫിക്കേഷൻ പ്രകാരം Intel Core i3 processor മുതലുള്ള കമ്പ്യൂട്ടറുകൾ പഞ്ചായത്തിൽ ഉപയോഗിക്കാം. ഐ.കെ.എം ഉൾപ്പെടെയുള്ളവരുടെ ഓൺലൈൻ/ഓഫ്ലൈൻ സോഫ്റ്റ്വെയറുകളുടെ പ്രവർത്തനത്തിന് ഉതകുന്ന തരം സ്പെസിഫിക്കേഷനാണ് ഐ.കെ.എം പഞ്ചായത്തിന് നൽകുന്നത്. Intel Core i5 processor, Intel Core i3 processor എന്നിവ തമ്മിൽ ചെറുതല്ലാത്ത വില വ്യത്യാസവുമുണ്ട്. ഈ സാഹചര്യത്തിൽ Intel Core i3 കമ്പ്യൂട്ടറുകളെക്കൂടി പരിഗണിച്ച് വേണം ടെണ്ടർ ക്ഷണിക്കേണ്ടിയിരുന്നത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 33 ന് മറുപടിയായി ഓൺലൈൻ സോഫ്റ്റ്വെയറുകൾ കൈകാര്യം ചെയ്യേണ്ടതിനാലാണ് കൂടിയ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ വാങ്ങിയത് എന്ന് വിശദീകരണം ലഭിച്ചു. എന്നാൽ വെബ് സാംഖ്യ, സഞ്ചയ ഉൾപ്പെടെയുള്ള ഓൺലൈൻ സോഫ്റ്റ്വെറുകൾ എല്ലാത്തരം കമ്പ്യൂട്ടറുകളിലും തൃപ്തികരമായി പ്രവർത്തിക്കുന്നവ ആയതിനാൽ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല.

വരും വർഷങ്ങളിൽ കമ്പ്യൂട്ടർ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ, ഐ.കെ.എം സ്പെസിഫിക്കേഷൻ എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-4 സെർവർ റൂം ശീതീകരണത്തിനായി എയർകണ്ടീഷണർ വാങ്ങിയതിലെ പോരായ്മകൾ

പ്രോജക്ട് 130/17-18 – ഗ്രാമപഞ്ചായത്ത് ഓഫീസ് സെർവർ മുറിയിൽ ശീതീകരണസംവിധാനം ഒരുക്കൽ

അടങ്കൽ : 50000/- (വികസന ഫണ്ട് - പൊതു)

ചെലവ് : 46750/-

ഈ പദ്ധതി പ്രകാരം ഒരു എയർകണ്ടീഷണർ യൂണിറ്റ് വാങ്ങി സെർവർ റൂമിൽ സ്ഥാപിക്കുകയാണ് ചെയ്തത്. പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രസ്തുത പ്രോജക്ടിനായി സമർപ്പിച്ച ടെണ്ടറുകളിൽ ഒന്നും തന്നെ എയർകണ്ടീഷണർ യൂണിറ്റിന്റെ സ്പെസിഫിക്കേഷനോ മോഡൽ ഉൾപ്പെടെയുള്ള മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ഈ വിവരങ്ങൾ ഇല്ലാതെയാണ് സമർപ്പിച്ച ടെണ്ടറുകൾ തമ്മിൽ താരതമ്യം ചെയ്തത്. സാധനം സപ്ലൈ ചെയ്ത സമയത്താണ് ടെക്നിക്കൽ അസിസ്റ്റന്റ് സ്പെസിഫിക്കേഷനുമായി ചേരുന്ന എയർകണ്ടീഷണറാണോ എന്ന് പരിശോധിച്ചത്. മേൽ പ്രോജക്ടിനായി എയർകണ്ടീഷണർ യൂണിറ്റ് വാങ്ങുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് എടുത്ത തീരുമാനം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ കണ്ടെത്താൻ കഴിഞ്ഞില്ല. ഇത് സംബന്ധമായി പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ തീരുമാനം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 38 ന് പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയെന്ന് മാത്രമാണ് മറുപടി നൽകിയത്. എന്നാൽ ലഭ്യമാക്കിയ മിനിട്ട്സിൽ പ്രസ്തുത വിഷയം ഉൾപ്പെട്ടിട്ടില്ല.
2. ടെണ്ടർ നൽകിയ സ്ഥാപനവുമായി നെഗോസിയേഷൻ നടത്താതെയാണ് സാധനം വാങ്ങിയിരിക്കുന്നത്. നെഗോസിയേഷന് ശ്രമിച്ചെങ്കിലും സ്ഥാപനം ആയതിന് തയ്യാറായില്ല എന്നാണ് വിശദീകരണം നൽകിയിരിക്കുന്നത്. എയർകണ്ടീഷണർ യൂണിറ്റ് എന്നത് കമ്പോളത്തിൽ ലഭിക്കാൻ ബുദ്ധിമുട്ടില്ലാത്ത ഉൽപന്നമായത് കൊണ്ടും വിവിധ ബ്രാൻഡുകളുടെ എയർകണ്ടീഷണറുകൾ ലഭ്യമാണെന്നത് കൊണ്ടും നെഗോസിയേഷനിലൂടെ വിലയിൽ ഇളവ് ലഭിക്കേണ്ടതാണ്.

ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ വിപണിയിലെ വില, ലഭ്യത, ബ്രാൻഡുകളുടെ ഗുണനിലവാരം എന്നിവ കൂടി കണക്കിലെടുത്ത് വേണം ടെണ്ടർ ക്ഷണിക്കാനും സ്വീകരിക്കുവാനും.

## 3-5 ഫ്രണ്ട് ഓഫീസിലേക്ക് കസേര വാങ്ങൽ -അപാകങ്ങൾ

പ്രോജക്ട് നമ്പർ - 143/17-18

ഫണ്ട് - വികസന ഫണ്ട് (പൊതുവിഭാഗം)

അടങ്കൽ തുക - 50,000/-

ചെലവ് - 49,998/-

ബിൽ നമ്പർ. തീ - A2/155/2017-2018 തീ. 19/1/2018

ഫ്രണ്ട് ഓഫീസിലേക്ക് കസേര വാങ്ങുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ലഭിക്കുകയുണ്ടായി.

1. A One Agencies
2. SIDCO
3. Thampurankalayil Trade Links
4. Sabari Steel Furniture

നാല് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ടെൻഡറിൽ 8/11/017- ലെ മിനിറ്റ്സിൽ 17/18 തീരുമാനപ്രകാരം A One Agency, SIDCO എന്നീ സ്ഥാപനങ്ങളുടെ ടെൻഡർ ലഭിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

ടെൻഡർ സ്പെസിഫിക്കേഷനിൽ സ്റ്റീൽ കസേരകൾ എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്. സ്വീകരിക്കപ്പെട്ട ടെണ്ടറായ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് സമപ്പിച്ച ടെൻഡറിൽ 6,990/- രൂപയുടെ M S Steel- ൽ നിർമ്മിച്ചതും 8,900/- രൂപയുടെ Stainless Steelൽ നിർമ്മിച്ചതും ആയി രണ്ട് റേറ്റുകൾ സമർപ്പിച്ചിട്ടുണ്ട്. കുറഞ്ഞതുകയായ 6,990/- രൂപയുടെ കസേര പരിഗണിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന 6990*4 =27,960/- രൂപയ്ക്ക് പകരം കൂടിയ റേറ്റായ 8,900/- രൂപയുടെ കസേരയാണ് പരിഗണിച്ചത്. ഈയിനത്തിൽ 8900*4=35600 രൂപ ചെലവായിട്ടുണ്ട്. ആയതിനാൽ 7,640/- രൂപ അധികമായാണ് ചെലവഴിച്ചിട്ടുള്ളത്.

SIDCO- യിൽ നിന്ന് ലഭ്യമായ Steel Visitors Chair Set of Six 4,071/- എന്ന കുറഞ്ഞ റേറ്റ് പരിഗണിച്ചിരുന്നില്ല,

മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ 15/11/2018- ലെ എൻക്വയറി നമ്പർ 24 പ്രകാരം ലഭ്യമായ മറുപടിയിൽ

ഗുണനിലവാരമുള്ളതും വളരെക്കാലം ഈടുനില്ക്കുന്നതുമാണെന്ന് ബോധ്യമുള്ളതുകൊണ്ടാണ് സ്റ്റെയിൻലസ് സ്റ്റീൽ കസേരകൾ വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്.

സ്റ്റോർ പർച്ചേയ്സ് മാന്വൽ (ഖ 7.33) പ്രകാരം ടെൻഡർ സ്പെസിഫിക്കേഷൻ വളരെ വ്യക്തത ഉള്ളതായിരിക്കണം. ടെൻഡർ ക്ഷണിച്ചതിനുശേഷം സ്പെസിഫിക്കേഷൻ മാറ്റുവാൻ പാടില്ല. ഇക്കാര്യങ്ങൾ ലംഘിച്ചുകൊണ്ടുള്ള മേൽ വാങ്ങൽ നടപടികളിലെ അപാകം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 അരുവിക്കര PHC-പുതിയ കെട്ടിടനിർമാണം-അപാകങ്ങൾ -അധികം ചെലവായ തുക 77045/- നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ - 177/17-18

പേര് - അരുവിക്കര PHC-പുതിയകെട്ടിടനിർമാണം

അടങ്കൽ - 5000000

ഫണ്ട് - വികസന ഫണ്ട്(2000000),

- ജില്ലാ പഞ്ചായത്ത്(3000000)

കരാർതുക - 42,62,320

ചെലവ് -12,50,611(തൻവർഷം)+30,00,000(2018-19)

ബിൽ നമ്പർ -88/17-18,തീയതി-24.3.18 - 12,50,611/-

ചെക്ക് നമ്പർ -5055518

5055519

5055520

5278563 തീയതി-26.4.18 3,00,00,00/-

5278561

5278562

5278567

സ്റ്റാന്റിങ്ങ് കമ്മിറ്റി -വികസനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് -വികസനകാര്യം-പൊതുമരാമത്ത്

എം.ബുക്ക് നമ്പർ - 35/17-18

T.S നമ്പർ -64341/17-18

നിരക്ക് -(DSR-16,Cl 50.98)

പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകങ്ങൾ കാണുന്നു.

റിവൈസ് ചെയ്ത എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് ചില ഇനങ്ങളിൽ അധിക അളവ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ നിന്നും കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ നിന്നും അധികരിച്ച് തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച അളവും തുകയും | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ചതിൽ നിന്നും അധികമായി നൽകിയ അളവും തുകയും | എം.ബുക്ക് പേജ് നമ്പർ | അധികം നൽകിയ തുക |
|---|---|---|---|---|
| 1.4<br>7.1.1-Random rubble masonry with hard stone.... with cement mortar 1:6 | 17.38 $m^3$@4910<br>=85375 | 21.50 $m^3$@4910<br>=105565 | 80 | 20190 |
| 1.10<br>5.9.6-centering and shuttering..and cantelevers | 281.113$m^2$@530/$m^2$<br>=148989.89 | 329 $m^2$ @530/$m^2$=<br>174370 | 89 | 25380.11 |

അധികം നൽകിയത് =45570.11

2. അംഗീകൃത റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 1.12 പ്രകാരം(DSR- 5.22.6- steel re inforcement for R.C.C work including...)agreed quantity ആയ 11279kgന് 77/kg എന്ന നിരക്കിലും അധിക അളവ് ആയ 7547 kgക്ക് 72.62 നിരക്കിലുമാണ് തുക അംഗീകരിച്ചിട്ടുള്ളത്. എന്നാൽ എം ബുക്ക് പേജ് 92 പ്രകാരം ആകെ അളവായ 18465 kg ക്ക് 77/kg എന്ന നിരക്കിലാണ് നൽകിയിട്ടുള്ളത്.

അംഗീകൃത റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ
എം ബുക്ക് പ്രകാരമുള്ള അളവിന്

അനുവദിക്കാവുന്നത് (11279x77)+(7186x72.62)

=868483 + 521847

=1390330

എം ബുക്ക് പേജ് 92 പ്രകാരം

അനുവദിച്ചത് =18465x77=1421805

അധികം നൽകിയത് =31475

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (46) ലഭ്യമായ മറുപടിയിൽ അപാകങ്ങൾ സാധൂകരിക്കുന്നതിനുള്ള വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ആകെ അധികം നൽകിയ തുകയായ 77,045/- ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

## 3-7 അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം -അപാകങ്ങൾ-പിഴ തുക 11523/-ഈടാക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ - 117/16-17-SO 34/17-18

പേര് - അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം

അടങ്കൽ - 1600000

കരാർതുക - 1152302

ചെലവ് - 1216925(റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം)

ബിൽ നമ്പർ - 36/17-18

ഫണ്ട് - മെയിന്റനൻസ് ഫണ്ട്

സ്റ്റാന്റിങ്ങ് കമ്മിറ്റി - വികസനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് - വികസനകാര്യം-പൊതുമരാമത്ത്

എം.ബുക്ക് നമ്പർ - 220/17-18

T.S നമ്പർ - 21356/16-17

മേൽ സൂചന പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകങ്ങൾ നിരീക്ഷിക്കുന്നു

1.മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 4 പ്രകാരം 290.28 $m^2$ എന്ന അളവിലാണ് (DSR-14- 12.50-) providing and fixing pre coated G I profile sheets,50mm etc complete എന്ന roof sheeting പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ അത് റിവൈസ് ചെയ്ത് 89% ഉയർത്തി 550$m^2$ ആക്കുകയും കടമുറികൾ ടൈൽസ് പാകുന്നതിനുള്ള അളവ് കുറക്കുകയും ചെയ്തു. ഇപ്രകാരം റിവൈസ് ചെയ്യുന്നതിനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37) മറുപടിയായി റിവൈസ് ചെയ്യുന്നതിനുള്ള കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം മാറ്റം വരുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ടി ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നില വരുമാനമില്ലാതെ ഒഴിഞ്ഞു കിടക്കുകയുമാണ്. കടമുറികളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഡി പി സി അംഗീകാരം നേടിയ പ്രവൃത്തിയിൽ മാറ്റങ്ങൾ വരുത്തി പകരം മറ്റ് പ്രവൃത്തികൾ ചെയ്യുന്നത് ഫണ്ട് പാഴാകുന്നതിനേ ഇടയാക്കു എന്ന് വിലയിരുത്തുന്നു.

2. പ്രവൃത്തിയുടെ ടെണ്ടർ നോട്ടീസ് പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണ്. കരാർ ഉറപ്പിച്ചിട്ടുള്ളത് 11.1.17നാണ്. വ്യവസ്ഥ പ്രകാരം 11.4.17 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 17.7.17നാണ്. കരാറുടമ്പടി വ്യവസ്ഥ പ്രകാരം ആദ്യത്തെ മൂന്ന് മാസത്തിന് (11.4.17 മുതൽ 10.7.17വരെ )കരാർ തുകയുടെ 1%= 11,523/- രൂപ പിഴ ഈടാക്കിയിട്ടില്ല. കരാറുകാരൻ സമയം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകുകയോ ബന്ധപ്പെട്ട അധികാരികൾ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടുമില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (37)നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ പിഴ തുകയായ 11,523/- രൂപ കരാറുകാരനിൽനിന്നും ഈടാക്കി അടവാക്കേണ്ട ഉത്തരവാദിത്തം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്

## 3-8 <u>എംബാങ്ക്മെന്റ് നിർമാണം- കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല-അധിക നിരക്ക് നൽകിയത് 15111/-നിരാകരിക്കുന്നു.</u>

താഴെ പറയുന്ന പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് എംബാങ്ക്മെന്റ് പ്രവൃത്തിക്ക വേണ്ടി ഉപയോഗിക്കാത്തതിനാൽ അധികച്ചെലവ് വന്നിരിക്കുന്നു.

(1) പ്രോജക്ട് നമ്പർ - SO 187/18

- പെരുവരമ്പ് കലയനാട് റോഡ് റീടാറിംഗ്

അടങ്കൽ - 500000

ചെലവ് - 419675

ബിൽ നമ്പർ - 89/17-18

ഫണ്ട് - ധനകാര്യ കമ്മിഷൻ അവാർഡ്

സ്റ്റാന്റിങ്ങ് കമ്മിറ്റി - വികസനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് -വികസനകാര്യം-പൊതുമരാമത്ത്

എം.ബുക്ക് നമ്പർ - 42/17-18

T.S നമ്പർ - 41654/17-18

ടി പ്രവൃത്തിയുടെ ഇനം-1 ആയി DSR (11.1.1.1) എം.ബുക്ക് 42/17-18 പേജ്.2 പ്രകാരം 19.22 $m^3$ മണ്ണ് earth work excavation വഴി കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ പേജ് 19 പ്രകാരം embankment പ്രവൃത്തിക്ക വേണ്ടി 47.5 $m^3$ മണ്ണ് 350/m നിരക്കിൽ ഉപയോഗിച്ചിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതിനാൽ അധികച്ചെലവ് വന്നിട്ടുണ്ട്.

അനുവദിക്കാവുന്നത്-

ആവശ്യമുള്ള മണ്ണിന്റെ അളവ് - 47.50 $m^3$

ഇനം 1 പ്രകാരം ലഭിച്ച മണ്ണ് കുറക്കുക - 19.22 $m^3$

അനുവദിക്കാവുന്നതുക 28.28x350/$m^3$ = 9898/-

അനുവദിച്ചത് (എം.ബുക്ക് പേജ്നമ്പർ 19) - 47.50x350/$m^3$ = 16625/-

അധികം നൽകിയതുക - 6727/- രൂപ

( 2) പ്രോജക്ട് നമ്പർ - SO 199/18

- മൂഴിനട-കടയറ ഭഗവതിപുരം റോഡ് റീടാറിംഗ്

അടങ്കൽ - 20,00,000

ചെലവ് - 821029(17-18)

ബിൽ നമ്പർ - 92/17-18 (CC 1st and part bill)

ഫണ്ട് - ധനകാര്യ കമ്മിഷൻ അവാർഡ്

സ്റ്റാന്റിങ്ങ് കമ്മിറ്റി - വികസനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് - വികസനകാര്യം-പൊതുമരാമത്ത്

എം.ബുക്ക് നമ്പർ - 36/17-18

T.S നമ്പർ - 22970/17-18

ടി പ്രവൃത്തിയുടെ ഇനം-2 (1) ആയി (11.1.1.1) എം.ബുക്ക് 36/17-18 പേജ് 16 പ്രകാരം 18.437 $m^3$ മണ്ണ് earth work excavation വഴി കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ പേജ് 2,27എന്നിവ പ്രകാരം ഇനം1(6) - ആയി embankment പ്രവൃത്തിക്ക വേണ്ടി 567.78$m^3$ മണ്ണ് 455/$m^3$ എന്ന നിരക്കിൽ ഉപയോഗിച്ചിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ഉപയോഗ യോഗ്യമല്ലാത്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതിനാൽ അധികച്ചെലവ്

വന്നിട്ടുണ്ട്.

അനുവദിക്കാവുന്നത്-

ഇനം -1(6)പ്രകാരം ആവശ്യമുള്ള അളവ് - 567.78 $m^3$

ഇനം2( 1)പ്രകാരം ലഭിച്ച മണ്ണ് കുറക്കുക - 18.43$m^3$

ഇനം 1(6)പ്രകാരം അനുവദിക്കാവുന്ന തുക - 549.35*455/$m^3$=249954

അനുവദിച്ചത് (എം.ബുക്ക് പേജ്നമ്പർ 27) - 567.78*455 /$m^3$=258339/-

അധികം നൽകിയതുക - 8,384/- രൂപ

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22&42) നൽകിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതിന്റെ കാരണം സാധൂകരിച്ചിട്ടില്ല. ആകെ അധികം നൽകിയതുക 6727+8384= 15,111/-രൂപ നിരാകരിക്കുന്നു.

## **3-9** ഓട നിർമ്മാണം -കൂടിയ നിരക്ക് ഉപയോഗിച്ചു-അധിക തുക നൽകിയത് **2528/-** നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ - 216/17-18

കുറിഞ്ചിലാക്കോട് ശാസ്താ ക്ഷേത്രം റോഡ് പുനരുദ്ധാരണം

അടങ്കൽ - 246982

ചെലവ് - 246837

ബിൽ നമ്പർ - 87/17-18

ഫണ്ട് - മെയിന്റനൻസ് ഫണ്ട്

സ്റ്റാന്റിങ്ങ് കമ്മിറ്റി - വികസനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് - വികസനകാര്യം-പൊതുമരാമത്ത്

എം.ബുക്ക് നമ്പർ - 41/17-18

TS NO: - 100150/2017-18

1.ടി പ്രവൃത്തി യുടെ എസ്റ്റിമേറ്റ് പ്രകാരം 2. 2-ാംഇനം പ്രവൃത്തിയിൽ (ഐറിഷ് ഡ്രെയിൻ )providing concrete for plain /re inforced concrete in open foundations complete as per drawings and technical specifications Clause 802,803,1202&1203,P.C.C grade M10(i) Nominal mix 1:3:6 എന്ന specification പ്രകാരം(od-278170/17-18) 7374.52/m3 എന്ന നിരക്കിൽ നിശ്ചയിച്ച് 5.101 m3ന് 37617/-രൂപ നൽകിയിട്ടുണ്ട്.(എം.ബുക്ക് നമ്പർ-41/17-18 പേജ്-23)എന്നാൽ സമാനമായ ഐറിഷ് ഡ്രെയിൻ പ്രവൃത്തികളിൽ ഇതേ specification ൽ ഉള്ള പ്രവൃത്തികൾക്ക് നൽകിയിരിക്കുന്നത് 6879.03 ആണ്. (ഉദാ-proj.190/17-18,ഇനം-2 od45713/2017-18).

ഇപ്രകാരം അധിക നിരക്ക് നൽകാനുണ്ടായ കാരണം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി 36 ന് piping failure തടയുന്നതിന് സിമന്റ് content കൂടിയ M 10 മിക്സ് ആവശ്യമായതിനാലാണ് കൂടിയ നിരക്ക് നൽകിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി 22 ന് Mord സ്പെസിഫിക്കേഷൻ പ്രകാരം concentrated load വരുന്ന ഓപ്പൺ ഡ്രെയിൻ, റിട്ടെയിനിങ്ങ് വാൾ എന്നിവക്കാണ് cement content കൂടുതൽ ആയിരിക്കേണ്ടതെന്നും (.250 t/m3) ഐറിഷ് ഡ്രെയിന് cement content താരതമ്യേന കുറഞ്ഞ (.170 t/m3) 6879.03 നിരക്ക് നൽകുന്നു എന്നും പ്രസ്തുത നിരക്കുകളുടെ detailed data സഹിതം മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ താഴെ പറയും വിധം അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല.

ഇനം 2.2 പ്രകാരം നൽകാവുന്ന തുക = 5.101 x 6879.03/$m^3$=35089

എം.ബുക്ക് നമ്പർ - 41/17-18 പേജ്-23

പ്രകാരം നൽകിയ തുക = 5.101 x 7374.52/$m^3$=37617

അധികം നൽകിയ തുക =2528/-

## 3-10 ആസ്തി രജിസ്റ്റർ കാലികമാക്കി പുതുക്കി സൂക്ഷിച്ചിട്ടില്ല-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ ആസ്തിയിലുൾപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ ,റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി.6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട് . എന്നാൽ അരുവിക്കര പഞ്ചായത്തിൽ ആസ്തികൾ പൂർണ്ണമായി സചിത്രയിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടില്ല എന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാകുന്ന മുറക്ക് എൻട്രി നടത്തി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി-11മറുപടി). അപാകങ്ങൾ താഴെ പറയുന്നു.

- ആസ്തികൾ സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്ററിൽ update ചെയ്ത് സൂക്ഷിക്കാത്തത് പദ്ധതി ആവിഷ്കരണ സമയത്ത് സമഗ്ര അവലോകനം നടത്തുന്നതിനെ ബാധിക്കുന്നു.
- പഞ്ചായത്തിൽ പ്രാവർത്തികമാക്കിയിട്ടുള്ള ജിയോ ഇൻഫർമേഷൻ മാപ്പിങ്ങ് സിസ്റ്റം ആസ്തി വിവരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടെങ്കിലും സചിത്രയുമായി സംയോജിപ്പിച്ചിട്ടില്ല.
- പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ കണക്റ്റിവിറ്റി മാപ്പ് സജ്ജമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയത് സജ്ജമാക്കി ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കുവാൻ നിർദ്ദേശിക്കുന്നു.

## 3-11 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിലെ അപാകങ്ങൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിൽ ദർഘാസ് പരസ്യത്തിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതു കാരണം ടെന്റർ വ്യവസ്ഥകൾ പാലിക്കാതെ വിവിധ വസ്തുക്കൾ വാങ്ങേണ്ടി വന്നിട്ടുണ്ട്. ദർഘാസ് പരസ്യത്തിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പദ്ധതി നമ്പർ S0094/18 (അങ്കണവാടികൾക്ക് കസേര വാങ്ങൽ) പ്രകാരം അങ്കണവാടികൾക്ക് 200 വലിയ കസേരകളും 50 ചെറിയ കസേരകളും വാങ്ങാൻ തീരുമാനിച്ചിരുന്നു. 04.08.2017 ലെ ദർഘാസ് പരസ്യം നമ്പർ എ2/76/16 ൽ “200 വലിയ ചെയർ, 50 ബേബി ചെയർ - പ്ളാസ്റ്റിക് " എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 08.11.2017 ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ തീരുമാനം 12/1 പ്രകാരം തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിൽ നിന്ന് കസേര വാങ്ങാൻ ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശബരി സ്റ്റീൽ ഫർണിച്ചർ, വെള്ളനാട് എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ വില (വലിയ കസേരയ്ക്കും ചെറിയ കസേരയ്ക്കും യഥാക്രമം 265/-രൂപയും 174/-രൂപയും ആണ്) ക്വാട്ട് ചെയ്തത്. എന്നാൽ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് ക്വാട്ട് ചെയ്ത കുറഞ്ഞ വില വലിയ കസേരയ്ക്കും ചെറിയ കസേരയ്ക്കും യഥാക്രമം 439/-രൂപയും 168/-രൂപയും ആണ്.

ഐ.എസ്.ഒ അംഗീകാരമുള്ള കസേര ശബരി സ്റ്റീൽ ഫർണിച്ചർ, വെള്ളനാട് 479/-രൂപ (ആം ചെയർ ), 454/-

രൂപ (ആം ലെസ് ചെയർ) എന്നീ വിലകൾക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് ക്വാട്ട് ചെയ്ത 529/- രൂപയുടെ കസേരയാണ് 439/-രൂപയ്ക്ക് വാങ്ങിയത്. ഈ തീരുമാനത്തിന് അടിസ്ഥാനമായി പറഞ്ഞിരിക്കുന്ന ഘടകം ഗുണമേൻമയാണ്. എന്നാൽ ഗുണമേൻമ സൂചിപ്പിക്കുന്ന യാതൊരു കാര്യവും 04.08.2017 ലെ ദർഘാസ് പരസ്യത്തിൽ സൂചിപ്പിച്ചില്ല. അതിനാൽ ടെന്ററിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഗുണമേന്മയില്ലാത്ത കസേരകളെ കുറഞ്ഞവിലയ്ക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. 2013ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 7.34 ൽ സ്റ്റോറുകളുടെ വിവരവും സ്പെസിഫിക്കേഷനും അളവും വ്യക്തമാക്കണമെന്ന് നിബന്ധന ഉണ്ട്. പ്രസ്തുത നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

2)പദ്ധതി നമ്പർ S095/18 (പാത്രം, ഗ്ലാസ്, സ്പൂൺ എന്നിവ വാങ്ങൽ) പ്രകാരം 500 പാത്രം, ഗ്ലാസ്, സ്പൂൺ എന്നിവ വാങ്ങാൻ തീരുമാനിച്ചിരുന്നു. 04.08.2017 ലെ ദർഘാസ് പരസ്യം നമ്പർ എ2/76/16 ൽ പാത്രം, ഗ്ലാസ്, സ്പൂൺ എന്നിവയുടെ എണ്ണം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ഇതിൽ ഗുണമേന്മയെക്കുറിച്ച് പരാമർശമില്ല. 335 യൂണിറ്റ് മാത്രമാണ് വാങ്ങിയത്. തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് ക്വാട്ട് ചെയ്ത കുറഞ്ഞ വിലയുള്ള പാത്രം, ഗ്ലാസ്, സ്പൂൺ എന്നിവ വാങ്ങിയിരുന്നെങ്കിൽ 335 യൂണിറ്റിന് 34471.50/- രൂപയ്ക്ക് പദ്ധതി നിർവ്വഹിക്കാമായിരുന്നു. കൂടിയ വിലയുള്ളവ വാങ്ങാൻ 49546/- രൂപ ചെലവായി. ഇത് 15074.50/- രൂപയുടെ നഷ്ടത്തിന് കാരണമായി. കൂടിയ വിലയുള്ളവ വാങ്ങാനുള്ള കാരണം 08.11.2017 ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ തീരുമാനം 15/1 ൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 21.11.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 45 ന് ഗുണമേന്മയും കുട്ടികൾക്ക് ഉപയോഗത്തിനുള്ള സൗകര്യവും കാരണമാണ് കൂടിയ വിലയുള്ളവ വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കി. അങ്കണവാടികളിലെ ഉപയോഗത്തിന് അനുയോജ്യമല്ലാത്ത നിലവാരത്തിലും അളവിലും ഉള്ള വസ്തുക്കൾ ക്വാട്ട് ചെയ്യപ്പെടാൻ കാരണം ഗുണമേൻമയും വലിപ്പവും സൂചിപ്പിക്കുന്ന യാതൊരു കാര്യവും പരസ്യത്തിൽ രേഖപ്പെടുത്താത്തതാണ്.

3)പദ്ധതി നമ്പർ S0093/18 ( കട്ടിൽ വാങ്ങൽ) പ്രകാരം 60 കട്ടിലുകളും കിടക്കകളും വാങ്ങാൻ തീരുമാനിച്ചിരുന്നു. 04.08.2017 ലെ ദർഘാസ് പരസ്യം നമ്പർ എ2/76/16 ൽ കട്ടിലിന്റെ അളവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ഇതിൽ കട്ടിൽ നിർമ്മിക്കേണ്ട തടിയുടെ പേര്, തരം എന്നിവയെക്കുറിച്ച് പരാമർശമില്ല. 08.11.2017 ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ തീരുമാനം 14/1 പ്രകാരം ശബരി സ്റ്റീൽ ഫർണിച്ചർ, വെള്ളനാട് എന്ന സ്ഥാപനത്തിൽ നിന്ന് കട്ടിൽ വാങ്ങാൻ ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തി. എന്നാൽ ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിനെ ഒഴിവാക്കി. തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് ഹാജരാക്കിയ കട്ടിലിന്റെ നിർമ്മാണവസ്തു വെള്ളയുള്ള ആഞ്ഞിലി ആയിരുന്നുവെന്ന് ഇത് സംബന്ധിച്ച് 21.11.2018 ന് കൊടുത്ത ഓഡിറ്റ് എൻക്വയറി നമ്പർ 44 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഒരു കമ്പി കൂടെ ചേർത്ത് ബലപ്പെടുത്തിയ കട്ടിലാണ് ശബരി സ്റ്റീൽ ഫർണിച്ചർ, വെള്ളനാട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയത്. ഗുണമേൻമ സൂചിപ്പിക്കുന്ന തരത്തിൽ നിർമ്മാണ വസ്തുവിനെക്കുറിച്ച് യാതൊരു പരാമർശവും 04.08.2017 ലെ ദർഘാസ് പരസ്യത്തിൽ ഉണ്ടായിരുന്നില്ല.

## 3-12 അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നതിൽ വീഴ്ച

ഐ.സി.ഡി.എസ് സൂപ്പർവൈസർ മാസത്തിലൊരിക്കൽ അങ്കണവാടികൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കുന്നതിൽ ഗുരുതര വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. ഇത്തരത്തിൽ അങ്കണവാടി സന്ദർശനത്തിൽ വീഴ്ച വരുത്തുന്നത് അവയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിന് കാരണമാകുന്നു. കൂടാതെ ഇത് സംബന്ധിച്ച് യാതൊരു ചർച്ചയും അങ്കണവാടി വെൽഫെയർ കമ്മിറ്റികളിലോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി എന്നിവിടങ്ങളിലോ ഉണ്ടാകാത്തത് അങ്കണവാടികളുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു. 2017 – 2018 ൽ ഐ. സി. ഡി. എസ് സൂപ്പർവൈസർ അങ്കണവാടികൾ സന്ദർശിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അങ്കണവാടി | സന്ദർശനങ്ങളുടെ എണ്ണം |
|---|---|---|
| 1 | കാച്ചാണി | 6 |
| 2 | പാലക്കുഴി | 2 |

| | | |
|---|---|---|
| 3 | കളത്തുകാൽ | 5 |
| 4 | ചാണിച്ചൽകടവ് | 5 |
| 5 | കടമ്പ്രക്കുഴി | 4 |
| 6 | മൈലം | 5 |
| 7 | മൈലം എൽ പി എസ് | 4 |
| 8 | ചെറിയകൊണ്ണി | 2 |
| 9 | മണമ്പൂര് | 4 |
| 10 | ഭഗവതിപുരം | 6 |
| 11 | മുളയറ | 3 |
| 12 | വെമ്പന്നൂർ | 9 |
| 13 | കടമ്പനാട് | 5 |
| 14 | അരുവിക്കര | 10 |
| 15 | വട്ടക്കുളം | 7 |
| 16 | പാണ്ടിയോട് സ്കൂൾ | 3 |
| 17 | ഇരുമ്പ | 6 |
| 18 | മരുതംകോട് | 3 |
| 19 | കുണ്ടോട് | 3 |
| 20 | അഴിക്കോട് എൽ പി എസ് | 6 |
| 21 | മരുതിനകം | 0 |
| 22 | കരുമരക്കോട് | 5 |
| 23 | വടക്കേമല | 4 |
| 24 | പുലച്ച | 3 |
| 25 | പാതിരിയോട് | 2 |
| 26 | വെള്ളൂർക്കോണം | 2 |
| 27 | കളത്തറ | 3 |
| 28 | പൊട്ടച്ചിറ | 2 |
| 29 | കാണിക്കപ്പെട്ടി | 2 |
| 30 | മുണ്ടേല | 2 |
| 31 | കൊക്കോതമംഗലം | 2 |
| 32 | നെട്ടിറച്ചിറ | 3 |
| 33 | കൽക്കുഴി (മൈലമൂട്) | 10 |
| 34 | പഴനിലം(മൈലമൂട്) | 6 |

## 3-13 അങ്കണവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയത് വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് അങ്കണവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-14 പത്രപ്പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നേടുന്നില്ല

2017 –2018 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ഇരുപത് പത്രപ്പരസ്യങ്ങൾ കൊടുത്തിട്ടുണ്ട്. 04.01.2011 ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഒ ( ആർ ടി) 1/2011/ പി ആന്റ് എ ആർ ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പത്രപ്പരസ്യങ്ങൾക്ക് 15 % ഡിസ്കൗണ്ട് അനുവദിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള ഡിസ്കൗണ്ട് പഞ്ചായത്ത് നേടിയിട്ടില്ല. ആകെ ഇരുപത് പരസ്യങ്ങളിലായി 1,01,132/- രൂപയാണ് പഞ്ചായത്ത് 2017 -18 ൽ ഇതിന് ചെലവാക്കിയത്. ഭാവിയിൽ പത്രപ്പരസ്യം ഇനത്തിൽ പരമാവധി ചെലവ് കുറയ്ക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-15 അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം

22.03.2011 ലെ സർക്കാർ ഉത്തരവ് നം.31055/ഡിസി2/2011/തസ്വഭവ 23.05.17 ലെ പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നം. എ1/10034/16 എന്നിവ സംബന്ധിച്ച് വ്യക്തമായി നിർദ്ദേശം ഉണ്ട്. എന്നാൽ അവയിൽ പലതും പഞ്ചായത്തിലെ അങ്കണവാടികളിൽ പാലിക്കപ്പെടുന്നില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | ചുറ്റുമതിൽ ഇല്ലാത്തവ | കുടിവെള്ളസൗകര്യം ഇല്ലാത്തവ |
|---|---|---|---|
| 1 | പുലച്ച | പാലക്കുഴി | പഴനിലം(മൈലമൂട്) |
| 2 | വെള്ളൂർക്കോണം | ചാണിച്ചൽകടവ് | |
| 3 | കാണിക്കപ്പെട്ടി | ഭഗവതിപുരം | |
| 4 | മുളയറ | മുളയറ | |
| 5 | മരുതംകോട് | മരുതിനകം | |
| 6 | മരുതിനകം | പാതിരിയോട് | |
| 7 | പാലക്കുഴി | വെള്ളൂർക്കോണം | |
| 8 | കളത്തുകാൽ | മൈലമൂട് | |
| 9 | ചാണിച്ചൽകടവ് | നെട്ടിറച്ചിറ | |

| | | | |
|---|---|---|---|
| | | (അപൂർണ്ണം) | |
| 10 | കടമ്പ്രക്കുഴി | | |
| 11 | മൈലം | | |
| 12 | ചെറിയകൊണ്ണി | | |

## 3-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല-16280/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. S0170/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് കൊക്കോതമംഗലം

അടങ്കൽ തുക – 165000/- (വികസന ഫണ്ട് - എസ്.സി.പി)

ചെലവായ തുക 157080/- (വികസന ഫണ്ട് - എസ്.സി.പി)

ബിൽ നം. /തീയതി: 1/17-18 തീയതി. 24/2/18

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന 33 കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി മേശ, കസേര എന്നീ പഠനോപകരണങ്ങൾ വാങ്ങി നൽകുന്ന പദ്ധതിയിൽ സ്കൂൾ അധികൃതർ നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 44 കുട്ടികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്കായി മേശ, കസേര എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കൃഷ്ണ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കാതെ ഉയർന്ന വില ക്വോട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിച്ചത് മൂലം 16,280/- രൂപ നഷ്ടം സംഭവിച്ചിരിക്കുന്നു.

പ്രസ്തുത പദ്ധതിക്കായി 4/8/17 ലെ എ2/756/16 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 3 സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ലഭിക്കുകയും ചെയ്തു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | മേശ (ഗേജ് 18) | കസേര (ഗേജ് 18) | ആകെ |
|---|---|---|---|
| കൃഷ്ണ ഇൻഡസ്ട്രീസ്, വാളത്തുങ്കൽ, കൊല്ലം. | 2150 | 1050 | 3200 |
| തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്, നാരങ്ങാനം നോർത്ത്, കോഴഞ്ചേരി | 2690 | 890 | 3580 |
| ശബരി സ്റ്റീൽ ഫർണിച്ചർ, വെള്ളനാട് | 2690 | 1390 | 4080 |

എന്നാൽ പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും തീരുമാനപ്രകാരം കൂടിയ തുക ക്വോട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണിച്ചറിന്റെ ടെണ്ടറാണ് സ്വീകരിച്ചത്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 25നുള്ള മറുപടിയിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ഫർണിച്ചർ സാമ്പിൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് പ്രൊക്യൂയർമെന്റ് കമ്മിറ്റിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഉയർന്ന ഗുണനിലവാരം, സ്പെസിഫിക്കേഷൻ ഉള്ളവ ക്വോട്ട് ചെയ്ത സ്ഥാപനവുമായി വിലപേശി ഉയർന്ന ക്വാളിറ്റിയുള്ള ഫർണിച്ചർ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയാണ് ചെയ്തതെന്ന് വിശദീകരിച്ചിരിക്കുന്നു,

പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ 7/11/17ലെ VII ാം നമ്പർ തീരുമാനപ്രകാരം 18 ഗേജിന്റെ സാധനങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം കുറഞ്ഞ തടിയുടെ മേശയാണ് പരിശോധനയ്ക്ക് വിധേയമാക്കിയതെന്നും ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനം 18

ഗേജിന്റെ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സജ്ജീകരണത്തോട്ടുകൂടിയുള്ള മേശയാണ് ലഭ്യമാക്കിയതെന്നും ആയത് ഗുണമേന്മ ഉള്ളതിനാൽ ടി സ്ഥാപനത്തിൽ നിന്ന് തന്നെ കസേര വാങ്ങാൻ തീരുമാനിക്കുകയും, 18 ഗേജിന്റെ കസേര 880/- രൂപ നിരക്കിൽ നൽകാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ശബരി സ്റ്റീൽ ഫർണിച്ചറിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സിൽ കൃഷ്ണ ഇൻഡസ്ട്രീസിനെ ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

പ്രൊക്യൂയർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 18/11/17 ലെ 16/1 നമ്പർ തീരുമാനപ്രകാരം ശബരി സ്റ്റീൽ ഫർണിച്ചറിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയാണുണ്ടായത്. പഞ്ചായത്ത് കമ്മിറ്റിയിലും കൃഷ്ണാ ഇൻഡസ്ട്രീസിനെ പരിഗണിക്കാത്തത് സംബന്ധിച്ച് പരാമർശം ഉണ്ടായില്ല.

ശബരി സ്റ്റീൽ ഫർണിച്ചറിൽ നിന്ന് 44 മേശയും കസേരയും വാങ്ങിയ ഇനത്തിൽ 157080/- രൂപ ((44 x 2690) + (44 x 880) ചെലവായിട്ടുണ്ട്. എന്നാൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത കൃഷ്ണ ഇൻഡസ്ട്രീസിൽ നിന്ന് പഠനോപകരണങ്ങൾ വാങ്ങിയിരുന്നെങ്കിൽ 1,40,800/- രൂപ (44 x 2150 + 44 x 1050) മാത്രം നൽകിയാൽ മതിയായിരുന്നു.

പ്രസ്തുത പദ്ധതിക്കായി കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയത് മൂലം നഷ്ടമായ 16,280/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥൻ, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## **3-17** ഭവന പുനരുദ്ധാരണ പദ്ധതികൾ-വിസ്തീർണ്ണം,പ്രവൃത്തികൾ ഇവ സംബന്ധിക്കുന്ന രേഖപ്പെടുത്തലുകൾ ഇല്ല.

പ്രോജക്റ്റ് നം.എസ്ഒ 121/18-വീട് പുനരുദ്ധാരണം(ST)

അടങ്കൽ : 50,000 രൂപ (വികസന ഫണ്ട്-TSP)

ചെലവ് : 49,986 രൂപ

ഗ്രാമപഞ്ചായത്തിലെ എസ്.റ്റി കുടുംബങ്ങളിൽ നിന്നും ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്ന അർഹതപ്പെട്ട ഒരു വ്യക്തിയ്ക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/-രൂപ വരെ നൽകാൻ വിഭാവനം ചെയ്യുന്നതാണ് ഈ പ്രോജക്റ്റ്. ആയത് സംബന്ധിച്ച് സബ്സിഡി മാർഗരേഖയിൽ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ സബ്സിഡി നൽകാവുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും എൽഎസ്ജിഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. 100ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല എന്ന് സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റിലോ എൽഎസ്ജിഡി ഓവർസിയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിലോ പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിങ്ങ് സമിതി സാക്ഷ്യപ്പെടുത്തിയ പൂർത്തീകരണ സാക്ഷ്യപത്രത്തിലോ എന്ത് പുനരുദ്ധാരണപ്രവൃത്തിയാണ് ചെയ്തതെന്നോ വീടിന്റെ വിസ്തീർണ്ണം എത്രയാണെന്നോ സൂചിപ്പിച്ചിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ജീർണ്ണാവസ്ഥയിലായിരുന്ന മേൽക്കൂര ബലപ്പെടുത്തി പാരപ്പെറ്റുകൾ കെട്ടി വാർത്തിട്ടുണ്ടെന്നും വീടിന്റെ വിസ്തീർണ്ണം 70 ച.മീറ്ററിൽ കുറവാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. വരും കാലങ്ങളിൽ പ്രോജക്റ്റിന്റെ രൂപീകരണ-നിർവഹണ ഘട്ടങ്ങളിൽ, ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷകളിലും എസ്റ്റിമേറ്റിലും എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയറുടെ വാല്യുവേഷൻ റിപ്പോർട്ടിലും മോണിറ്ററിങ്ങ് കമ്മിറ്റിയുടെ റിപ്പോർട്ടിലും വീടിന്റെ വിസ്തീർണ്ണം, നടത്താൻ ഉദ്ദേശിക്കുന്ന / നടത്തിയ പ്രവർത്തനങ്ങൾ രേഖപ്പെടുത്താനും സാക്ഷ്യപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് നം.എസ്ഒ 080/18-വീട് വാസയോഗ്യമാക്കൽ (SC)

അടങ്കൽ : 30,00,000 രൂപ (വികസന ഫണ്ട്-SCP)

ചെലവ് : 30,00,000 രൂപ

ഗ്രാമപഞ്ചായത്തിലെ എസ്.സി (ബിപിഎൽ) വിഭാഗത്തിൽ പെട്ട അർഹരായ ഗുണഭോക്താക്കളുടെ ജീർണ്ണിച്ച അവസ്ഥയിലുള്ള വീടുകൾ പുനരുദ്ധാരണം നടത്തുക എന്ന ലക്ഷ്യത്തോടെ എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 1,50,000രൂപ വരെ നൽകാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കാൻ മാത്രമാണ് സബ്സിഡി നൽകുന്നതെന്ന് മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ 60ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള പക്ഷം അധികമുറി നിർമ്മിക്കൽ അനുവദനീയമല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ചില ഗുണഭോക്താക്കൾ അധിക നിർമ്മാണം നടത്തിയത് (എസ്റ്റിമേറ്റ് പ്രകാരം) ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ വീടുകളുടെ വിസ്തീർണ്ണം (പ്രവൃത്തിക്ക് മുൻപും ശേഷവും) സംബന്ധിക്കുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ എൻക്വയറി മുഖേന ആവശ്യപ്പെടുകയുണ്ടായി. ആയതിനു ലഭ്യമാക്കിയ മറുപടിയിൽ വീടുകളുടെ തറവിസ്തീർണ്ണം 60ച.മീറ്ററിന് താഴെയാണെന്നും മാർഗരേഖ പ്രകാരമുള്ള നിർമ്മാണപ്രവൃത്തികൾ മാത്രമേ നടന്നിട്ടുള്ളൂ എന്നും വി.ഇ.ഒ അറിയിച്ചു. ഭാവിയിൽ,തറവിസ്തീർണ്ണ പരിധി മാനദണ്ഡമാക്കിയുള്ള ഭവന പുനരുദ്ധാരണ പദ്ധതികളുടെ രൂപീകരണ-നിർവഹണ വേളകളിൽ ഗുണഭോക്താവ് സമർപ്പിക്കേണ്ട അപേക്ഷ, എസ്റ്റിമേറ്റ്,വാല്യുവേഷൻ സർട്ടിഫിക്കറ്റ്,മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവയിൽ തറവിസ്തീർണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ/ സാക്ഷ്യപത്രം കൂടി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചകൾ

പ്രോജക്ട് നം : എസ്.ഒ 122/18-വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം (ക്യാന്റീൻ)

അടങ്കൽ : 4,00,000 രൂപ (വികസന ഫണ്ട്-2,00,000+ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ-1,80,000+ ഗുണഭോക്തൃവിഹിതം-20,000)

ചെലവ് : 2,00,000 രൂപ

ബിൽ നമ്പർ : 007/VEO/2017-18 തീയതി 15.03.2018

തൊഴിൽരഹിതരായ 5 വനിതകൾ അടങ്ങിയ ഒരു ഗ്രൂപ്പിന് പഞ്ചായത്ത് പ്രദേശത്ത് വനിതാ ക്യാന്റീൻ ആരംഭിക്കുന്നതിന് സബ്സിഡി ഇനത്തിൽ 2,00,000/- രൂപ നല്കാൻ ലക്ഷ്യമിട്ടതാണ് ഈ പദ്ധതി. തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പ്, വായ്പ ഇനത്തിൽ 1,80,000/-രൂപയും ഗുണഭോക്തൃവിഹിതമായ 20,000/-രൂപയും ചെലവഴിക്കണം എന്നാണ് വ്യവസ്ഥ.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് ഭരണസമിതിയുടെ 11.08.2017 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കാനിടയായ സാഹചര്യം വ്യക്തമല്ല. പ്രസ്തുത ലിസ്റ്റിൽ "തീരം വനിത ക്യാന്റീൻ & കാറ്ററിങ് സർവീസ്" എന്ന യൂണിറ്റ് ഉൾപ്പെട്ടിരുന്നില്ല. എന്നിട്ടും പദ്ധതിയുടെ ആനുകൂല്യം നൽകാൻ ടി യൂണിറ്റിനെ തെരഞ്ഞെടുത്തു. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ആദ്യ ലിസ്റ്റിലെ ബഥേൽ എന്ന ഗ്രൂപ്പിന് ബാങ്ക് വായ്പ ലഭ്യമാക്കാൻ കഴിയാത്തതിനാലും വേറൊരാൾ വ്യക്തിഗത ഗുണഭോക്താവ് ആയതിനാൽ ഗ്രൂപ്പിനുള്ള ആനുകൂല്യത്തിന് അർഹതയില്ലാതെ വരികയും ചെയ്തതിനാലാണ് പിന്നീട് വന്ന "തീരം വനിത ക്യാന്റീൻ & കാറ്ററിങ് സർവീസ്" എന്ന യൂണിറ്റിന് ആനുകൂല്യം നല്കിയത് എന്നും വി.ഇ.ഒ അറിയിച്ചു. അർഹതപ്പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ഗ്രാമസഭയും അംഗീകരിക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. സ്വയംതൊഴിൽ സംരംഭകഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷം നടത്തിയ ഗ്രേഡിങ്ങിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം എന്ന് മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, 10.09.2017 ന് രൂപീകരിച്ചതായി (തീരം വനിത ക്യാന്റീൻ & കാറ്ററിങ് സർവീസിന്റെ മിനുട്സ് പ്രകാരം) സൂചിപ്പിക്കപ്പെട്ടിട്ടുള്ള യൂണിറ്റിന് ഗ്രേഡിങ് ലഭിക്കുന്നതിന് (03.03.2018 ന് അരുവിക്കര ഗ്രാമപഞ്ചായത്ത് കുടുംബശ്രീ CDS അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രം

പ്രകാരം) മുൻപ് ഗ്രാമസഭയിൽ തെരഞ്ഞെടുത്തതായി 15-ാം വാർഡിന്റെ (മൈലം) 19.12.2017 ലെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല,ഗ്രേഡിങ്ങ് ലഭിക്കുന്നതിന് (03.03.2018) മുൻപ് പഞ്ചായത്ത് ഭരണസമിതി 12.02.2018 ന് അംഗീകരിച്ച അധിക ഗുണഭോക്തൃ ലിസ്റ്റിൽ തീരം വനിത ക്യാന്റീൻ & കാറ്ററിങ്ങ് സർവീസിനെ ഉൾപ്പെടുത്തി പദ്ധതിയുടെ ആനുകൂല്യം നൽകി.

3. "തീരം വനിത ക്യാന്റീൻ & കാറ്ററിങ്ങ് സർവീസ്" എന്ന യൂണിറ്റിനെ പദ്ധതിയുടെ ആനുകൂല്യം നൽകാൻ തെരഞ്ഞെടുക്കുന്നതിനു മുൻപ് 11.08.2017 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ പദ്ധതി നടത്തിപ്പിനെപ്പറ്റി അറിയിച്ചതായുള്ള രേഖകൾ ലഭ്യമല്ല.

4. തീരം വനിത ക്യാന്റീൻ & കാറ്ററിങ്ങ് സർവീസിന്റെ രജിസ്ട്രേഷൻ/ അഫിലിയേഷൻ സംബന്ധിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ ആനുകൂല്യം നല്കാൻ തെരഞ്ഞെടുത്ത ഗ്രൂപ്പിന്റെ അർഹത സംബന്ധിക്കുന്ന വ്യക്തമായ രേഖകളുടെ അഭാവത്തിൽ സബ്സിഡി ഇനത്തിൽ നല്കിയ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-19 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിൽ അപാകതകൾ - 5800/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം : എസ്ഒ 119/18

അടങ്കൽ തുക : 7,00,000 രൂപ

ചെലവ് : 7,00,000 രൂപ

| ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|
| 1/17-18 | 19.7.2017 | 43,300 |
| 2/17-18 | 29.8.2017 | 17,400 |
| 3/17-18 | 18.9.2017 | 18,900 |
| 5/17-18 | 09.10.2017 | 14,950 |
| 8/17-18 | 20.11.2017 | 14,650 |
| 9/17-18 | 27.12.2017 | 15,150 |
| 11/17-18 | 03.2.2018 | 69,650 |
| 12/17-18 | 20.2.2018 | 20,150 |
| 14/17-18 | 28.3.2018 | 35,850 |

(i) ഭവനസന്ദർശനപരിചരണപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ [29.10.2015 ലെ സ.ഉ (സാധാ) നം. 3217/2015/തസ്വഭവ] യിലെ ഖണ്ഡിക 2.6.2 ലെ ഉപഖണ്ഡിക1 ൽ "രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 4.30 വരെ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിൽ, കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കാൻ കഴിയുന്ന രീതിയിലായിരിക്കണം ഹോംകെയർ ആസൂത്രണം ചെയ്യേണ്ടത് "എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യവസ്ഥ പാലിച്ചിട്ടില്ലായെന്ന് ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | തീയതി | ഭവനസന്ദർശനത്തിനെടുത്ത സമയം | സന്ദർശിച്ച വീട്ടുകളുടെ എണ്ണം |
|---|---|---|---|
| 1 | 19.4.2017 | 10.30am-3.30pm | 3 |
| 2 | 25.4.2017 | 10am-1.30pm | 4 |
| 3 | 12.5.2017 | 10am-2.30pm | 4 |
| 4 | 22.5.2017 | 10am-3pm | 3 |
| 5 | 05.6.2017 | രേഖപ്പെടുത്തിയിട്ടില്ല | 3 |
| 6 | 20.6.2017 | „ | 3 |
| 7 | 18.7.2017 | „ | 3 |
| 8 | 30.8.2017 | „ | 3 |
| 9 | 07.9.2017 | „ | 3 |
| 10 | 28.9.2017 | „ | 3 |
| 11 | 16.10.2017 | „ | 3 |
| 12 | 23.10.2017 | „ | 3 |
| 13 | 02.11.2017 | „ | 4 |
| 14 | 09.11.2017 | „ | 4 |
| 15 | 01.12.2017 | „ | 3 |
| 16 | 11.12.2017 | „ | 3 |
| 17 | 23.12.2017 | „ | 3 |
| 18 | 29.12.2017 | „ | 3 |
| 19 | 04.1.2018 | 10.30am-2.45pm | 3 |
| 20 | 12.1.2018 | 11am-2.30pm | 3 |
| 21 | 17.1.2018 | 12noon-2.30pm | 2 |
| 22 | 26.2.2018 | 11am-2.30pm | 4 |

(ii) ഹോംകെയർ പ്ലാനിങ്ങ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

മാർഗരേഖയിലെ 2.6.2 ഖണ്ഡികയിലെ 7-ാം ഉപഖണ്ഡികയിൽ ഹോംകെയർ ആവശ്യമായ രോഗികളെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഭവനസന്ദർശനം പ്ലാൻ ചെയ്യുന്ന ഹോംകെയർ പ്ലാനിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെ കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ പി.എച്ച്.സി യിൽ പരിപാലിച്ചിട്ടില്ല. ആയത് തയ്യാറാക്കി ഹോംകെയർ ആവശ്യമായ കൂടുതൽ രോഗികൾക്ക് പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ ശ്രദ്ധ പുലർത്തേണ്ടതും ഹോംകെയർ ടീമിലെ അംഗങ്ങൾ മാർഗരേഖയിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(iii) ഭക്ഷണചെലവിനുള്ള തുക ദുർവിനിയോഗം ചെയ്തു

പ്രസ്തുത മാർഗരേഖയിലെ 2.6.3 ഖണ്ഡികയിലെ 3-ാം ഉപഖണ്ഡിക പ്രകാരം ഹോംകെയർ ദിനങ്ങളിൽ, ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന (രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 4.30 വരെ) സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3 പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് (ഒരാൾക്ക് ഒരു ദിവസം പരമാവധി 60/-രൂപ) പ്രോജക്ടിൽ വകയിരുത്താവുന്നതും പി എം സിയുടെ തീരുമാനപ്രകാരം ചെലവഴിക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ടി ചെലവ് നിലവിലുള്ള 180/-രൂപയിൽ നിന്നും 250/-രൂപയായി വർദ്ധിപ്പിച്ച് [30.06.2016 ലെ സ.ഉ (സാധാ) നം. 2039/2016/തസ്വഭവ പ്രകാരം] ഉത്തരവായിരുന്നു.

ഭവനസന്ദർശനം നടത്തിയ എല്ലാ ദിവസങ്ങളിലും ടീമിലെ 5 അംഗങ്ങൾക്ക് 50/-രൂപ നിരക്കിൽ 250/-രൂപ ചെലവഴിച്ചതായി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ, ടി ദിവസങ്ങളിൽ നിർദ്ദിഷ്ട സമയം ഹോംകെയർ പ്രവർത്തനം നടന്നിട്ടില്ലയെന്നും വേണ്ടത്ര സന്നദ്ധപ്രവർത്തകർ ടീമിൽ ഉൾപ്പെട്ടിരുന്നില്ല എന്നും ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ പരിശോധനയിൽ വ്യക്തമായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | തീയതി | ഭവന സന്ദർശനത്തി നെടുത്ത സമയം | ടീമിലെ അംഗങ്ങളുടെ എണ്ണം (ഡ്രൈവർ ഉൾപ്പെടെ) | സന്നദ്ധ പ്രവർത്തകരുടെ എണ്ണം | അധികം ചെലവഴിച്ച തുക (രൂപ) |
|---|---|---|---|---|---|
| 1 | 19.4.2017 | 10.30am-3.30pm | 4 | 1 | 200 |
| 2 | 20.4.2017 | 10am-3.15pm | 4 | 0 | 250 |
| 3 | 25.4.2017 | 10am-1.30pm | 4 | 2 | 150 |
| 4 | 29.4.2017 | 10am-4.15pm | 3 | 0 | 250 |
| 5 | 12.5.2017 | 10am-2.30pm | 5 | 2 | 150 |
| 6 | 22.5.2017 | 10am-3pm | 5 | 2 | 150 |
| 7 | 05.6.2017 | രേഖപ്പെടുത്തിയിട്ടില്ല | 3 | 1 | 200 |
| 8 | 20.6.2017 | ,, | 4 | 1 | 200 |
| 9 | 18.7.2017 | ,, | 6 | 3 | 100 |
| 10 | 25.7.2017 | ,, | 4 | 1 | 200 |
| 11 | 10.8.2017 | ,, | 3 | 1 | 200 |

| | | | | | |
|---|---|---|---|---|---|
| 12 | 29.8.2017 | ,, | 4 | 1 | 200 |
| 13 | 30.8.2017 | ,, | 4 | 1 | 200 |
| 14 | 07.9.2017 | ,, | 4 | 2 | 150 |
| 15 | 28.9.2017 | ,, | 4 | 1 | 200 |
| 16 | 12.10.2017 | ,, | 5 | 2 | 150 |
| 17 | 16.10.2017 | ,, | 4 | 1 | 200 |
| 18 | 23.10.2017 | ,, | 4 | 1 | 200 |
| 19 | 02.11.2017 | ,, | 5 | 2 | 150 |
| 20 | 09.11.2017 | ,, | 6 | 1 | 200 |
| 21 | 25.11.2017 | ,, | 4 | 1 | 200 |
| 22 | 01.12.2017 | ,, | 4 | 1 | 200 |
| 23 | 11.12.2017 | ,, | 5 | 2 | 150 |
| 24 | 23.12.2017 | ,, | 5 | 0 | 250 |
| 25 | 29.12.2017 | ,, | 4 | 1 | 200 |
| 26 | 04.1.2018 | 10.30am-2.45pm | 4 | 1 | 200 |
| 27 | 12.1.2018 | 11am-2.30pm | 5 | 0 | 250 |
| 28 | 17.1.2018 | 12noon-2.30pm | 4 | 1 | 200 |
| 29 | 12.2.2018 | 10am-2.45pm | 4 | 1 | 200 |
| 30 | 26.2.2018 | 11am-2.30pm | 6 | 3 | 100 |
| 31 | 20.3.2018 | 10.30am-2.30pm | 5 | 2 | 150 |

ആകെ 5,800 രൂപ

ഹോംകെയർ ദിനങ്ങളിൽ, ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3പേർക്ക്, 250രൂപ) ഭക്ഷണചെലവിനായി നല്കാനുള്ള തുക ദുർവിനിയോഗം ചെയ്തതായി വ്യക്തമാകുന്നതിനാൽ അധികമായി ചെലവഴിച്ച 5,800 രൂപ നിരാകരിക്കുന്നു.

## 3-20 വൗച്ചറുകളുടെ സൂക്ഷിപ്പ് അപാകത സംബന്ധിച്ച്.

2017-18 വൗച്ചറുകൾ പരിശോധിച്ചതിൽ അഡ്വാൻസ് തുകകൾ എപ്രകാരം ക്രമീകരിച്ചു എന്നതിന്റെ രേഖകളും മുൻകൂർ രജിസ്റ്ററുകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 5 പ്രകാരം പ്രകാരമുള്ള സ്ഥാപന തലവന്റെ പരിശോധനാ സാക്ഷ്യപത്രം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

| തീയതി | പേര് | തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 6/1/2018 | വിനോദ്.എം | 12,500/- | 21700941 |
| 8/1/2018 | ഗായത്രിദേവി | 9,250/- | 21700945 |
| 12/2/2018 | വിനോദ്.എം | 37,500/- | 21701056 |
| 12/2/2018 | ശ്രീരാഗ്.കെ മോഹൻ | 30,000/- | 21701057 |
| 12/2/2018 | ഷംനാസ് .വി.എസ് | 30,000/- | 21701058 |
| 12/2/2018 | രജനി.വി | 27,750/- | 21701059 |
| 12/2/2018 | ഗായത്രിദേവി | 27,750/- | 21701060 |
| 24/2/2018 | Anganwadi Nutrition | 2,88,678 | 21701088 |

മേൽ തുകകളുടെ ക്രമീകരണം സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. വൗച്ചറുകളുടെ ആദ്യ ഓഡിറ്ററായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ മേൽനോട്ടം നടത്തിയിട്ടില്ല. ഈ അപാകം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 10880 | പ്രോജക്ട് നമ്പർ-142, ജൈവസമൃദ്ധി | 10880 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10880 | പ്രോജക്ട് നമ്പർ-142, ജൈവസമൃദ്ധി | 10880 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 364375 | പ്രോജക്ട് നമ്പർ-89, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 364375 | 0 |
| ബ്ലോക്ക് | 2017-18 | 364375 | പ്രോജക്ട് നമ്പർ-89, മാനസിക | 364375 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | പ്രോജക്ട് നമ്പർ-135, കളിസ്ഥലത്തിന് സ്ഥലം വാങ്ങൽ | 2000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | പ്രോജക്ട് നമ്പർ-135, കളിസ്ഥലത്തിന് സ്ഥലം വാങ്ങൽ | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3000000 | പ്രോജക്ട് നമ്പർ-177, അരുവിക്കര പി.എച്ച്.സിയ്ക്ക് പുതിയ കെട്ടിടം വാങ്ങൽ | 0 | 3000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പ്രോജക്ട് നമ്പർ-97, പാലിന് സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | പ്രോജക്ട് നമ്പർ-97, പാലിന് സബ്സിഡി | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | പ്രോജക്ട് നമ്പർ-195, പകൽ വീട് | 350489 | 149511 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്ട് നം. 144/17-18, മുള്ളിലവിൻമൂട് അറമ്പൻകോട്ടുകോണം റോഡ് - പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 30543 | 30543 | 0 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം. 221/17-18, കടമ്പനാട് കലമാന്നൂർ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 243882 | 243882 | 0 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം. 222/17-18, തിനവിള കരിയ്ക്കകം കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 220000 | 220000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

2017-18 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ച | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരി ച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ) നമ്പർ 273/2010 തസ്വഭവ തീയതി 27.01.2010 | 15706500 | 3281633 | 1570650 | 0 | 1710983 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2014-15 | - | 1250 | മാനേജർ, കെ.എസ്.സി.എസ്.സി | 118150102513 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103368213 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104796182 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 128287 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 77045 | ദീപ്തി. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 11523 | |

| | | |
|---|---|---|
| 3-8 | 15111 | |
| 3-9 | 2528 | |
| 3-16 | 16280 | ശ്രീ.ജയസിംഹൻ ഹെഡ്മാസ്റ്റർ<br>മിനി.ഐ. പ്രസിഡന്റ്<br>ജയരാജ്. എം മെമ്പർ<br>രജിതകുമാരി. മെമ്പർ<br>ജയചന്ദ്രൻനായർ. ആർ, മെമ്പർ<br>വിജയകുമാരി.ആർ, മെമ്പർ<br>വി. വിജയൻനായർ, മെമ്പർ<br>അജിത്ത്.കെ, മെമ്പർ<br>രജി. ആർ, മെമ്പർ<br>അനിതകുമാരി. ജെ. സി, മെമ്പർ<br>ശ്രീദേവി എസ് എസ്. മെമ്പർ<br>വേലായുധൻ നായർ എ മെമ്പർ<br>ക്രിസ്തുകുമാർ ടി ഇ മെമ്പർ<br>പ്രസീത പി മെമ്പർ<br>ജമീലാബീവി എം മെമ്പർ<br>മുഹമ്മദ് ഇല്യാസ് എ മെമ്പർ<br>സബീന ജെ മെമ്പർ |
| 3-19 | 5800 | ദേവി.എൽ മെഡിക്കൽ ഓഫീസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിരം മേൽവിലാസങ്ങളും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ദീപ്തി. എൻ, അസി,എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD, പാണ്ടനാട് | മാലേയം,TC /5/2630(A)TTC എൻക്ലേവ് കവടിയാർ, തിരുവനന്തപുരം |
| ദേവി.എൽ | മെഡിക്കൽ ഓഫീസർ | ഓംകാർ,ഇ.എസ് ഐ ഹോസ്പിറ്റലിനു പുറകുവശം,ചാക്ക, തിരുവനന്തപുരം |
| ശ്രീ.ജയസിംഹൻ | ഹെഡ്മാസ്റ്റർ | വിനായക,അയിരൂർ.പി.ഒ,വർക്കല |
| മിനി.ഐ | പ്രസിഡന്റ് | മിനിഭവൻ, കുതിരകളം,കുതിരകളംപി ഒ 695543 |
| ആർ. ജയചന്ദ്രൻനായർ | മെമ്പർ | മഠത്തിൽ മേലെ പുത്തൻവീട് മുണ്ടേല പിഒ വെള്ളനാട്. |
| ജയരാജ്. എം | മെമ്പർ | ആയില്യം, കുറിഞ്ചിലംകോട്, കൊക്കോതമംഗലം , മുണ്ടേല പി ഒ |
| രജിതകുമാരി. സി | മെമ്പർ | ലക്ഷമി ഭവൻ, കളത്തറ, മഞ്ച. പി. ഒ |
| വിജയകുമാരി.ആർ | മെമ്പർ | വി ബി ഹൗസ്, പൈപ്പ് ലൈൻ റോഡ്, അരുവിക്കര പി ഒ. |
| വി വിജയൻനായർ | ക്ഷേമകാര്യസ്ഥിരം സമിതി ചെയർമാൻ | കൃഷ്ണാഭവൻ, അരുവിക്കര പി ഒ, |
| അജിത്ത് .കെ | മെമ്പർ | കുറ്റംതോട്ടത്ത് തെക്കുംകരമേലേ പുത്തൻവീട്, കടമ്പനാട്.അരുവിക്കര പി ഒ |
| രജി. ആർ | മെമ്പർ | സുരേഷ്ഭവൻ, തെക്കുംക്കരമേലേ വീട്, വെമ്പന്നൂർ, അരുവിക്കര പി ഒ |
| അനിതകുമാരി. ജെ. സി | മെമ്പർ | അനിതാഭവൻ, ഗാന്ധിജി നഗർ മുളയറ പി ഒ |

| | | |
|---|---|---|
| ശ്രീദേവി. എസ്.എസ് | മെമ്പർ | കൊണങ്ങോട് വീട്, ചെറിയകൊണ്ണി പി ഒ |
| ക്രിസ്തുകുമാർ | മെമ്പർ | ലിജി ഭവൻ, മൈലം, ചെറിയകൊണ്ണി. പി .ഒ |
| വേലായുധൻനായർ.എ | മെമ്പർ | ഗീതം, ഇറയംകോട്, ചെറിയകൊണ്ണി. പി. ഒ |
| പ്രസീത പി | മെമ്പർ | തെങ്ങ് വിള വീട്, ഇരുമ്പ, അരുവിക്കര. പി. ഒ |
| സബീന ജെ | മെമ്പർ | ദാറുർ അമാൻ, മരുതിനകം, ചെക്കക്കോണം. പി. ഒ |
| മുഹമ്മദ് ഇല്യാസ് എഎ | മെമ്പർ | എ എ മൻസിൽ വെഞ്ചമ്പി, അഴീക്കോട് .പി.ഒ |
| ജമീലാബീവി എം | ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ | ഷജീനാഹൗസ്, പൊന്തൻപ്പാറ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/1325/18 | 5 | |
| 2002-03 | | 21 | |
| 2003-04 | | 4 | |
| 2004-05 | | 4 | |
| 2005-06 | | 2 | |

| | | | |
|---|---|---|---|
| 2006-07 | | 5 | |
| 2007-08 | | 4 | |
| 2009-10 | | 3 | |
| 2010-11 &<br>2011-12 | | 7 | |
| 2012-13 | | 10 | |
| 2013-14 | | 9 | |
| 2014-15 | | 4 | |
| 2015-16 | | 8 | |
| 2016-17 | | 7 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

സ്ഥാപനങ്ങളുടെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.